# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആറന്മുള ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 11-146/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 23/02/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആറന്മുള ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 11-146/2022 തീയ്യതി: 23/02/2022

## പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-10-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 13-01-2022 | 29-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-01-2022 | 29-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അനിൽകുമാർ സി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. അരുൺ എസ്. നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. മഹേഷ് കുമാർ കെ. ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (22.1.2022 വരെ)
ശ്രീ. അരുൺ പി. ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി. എൻ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഐഷാ പുരുഷോത്തമൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. വിജയ് എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീദേവി ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ആരതി മോഹൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി ദിവ്യശ്രീ എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. അഖില രാജ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. സജി കെ ജോൺ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 18-11-2019 |
| ഡോ. സൈറ ജോൺ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 19-11-2019 | 31-03-2020 |
| ഡോ. ഷിജി പാപ്പച്ചൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ. പ്രദീപ്കുമാർ പി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി ഗീതാദേവി ആർ | പ്രധാനാദ്ധ്യാപിക | 01-04-2019 | 31-03-2020 |
| ശ്രീമതി വീണ രാജൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ. പ്രതാപ് കെ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2019 | 31-03-2020 |
| ശ്രീ. രാഹുൽ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2019 | 31-05-2019 |
| ശ്രീ. സന്തോഷ് ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-06-2019 | 31-03-2020 |
| ശ്രീമതി മിനിമോൾ എം എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Arun S Nair (Asst. Audit Officer, On 14-01-2022)<br>Last Updated By: Joe M James (Computer Assistant, On 11-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: Joe M James (Computer Assistant, On 18-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Arun S Nair (Asst. Audit Officer, On 14-01-2022)<br>Last Updated By: Joe M James (Computer Assistant, On 11-02-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: Joe M James (Computer Assistant, On 18-02-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: Joe M James (Computer Assistant, On 14-02-2022) | 1-5 |
| 6 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: Joe M James (Computer Assistant, On 14-02-2022) | 1-5-1 |
| 7 | ഗ്രാമസഭകൾ നിർജ്ജീവം , വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയം<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: Joe M James (Computer Assistant, On 14-02-2022) | 1-5-2 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arun S Nair (Asst. Audit Officer, On 30-01-2022)<br>Last Updated By: Joe M James (Computer Assistant, On 14-02-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Arun S Nair (Asst. Audit Officer, On 27-01-2022)<br>Last Updated By: Joe M James (Computer Assistant, On 14-02-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Arun S Nair (Asst. Audit Officer, On 26-01-2022)<br>Last Updated By: Joe M James (Computer Assistant, On 14-02-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: Joe M James (Computer Assistant, On 14-02-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 19-01-2022)<br>Last Updated By: Joe M James (Computer Assistant, On 14-02-2022) | 1-10 |
| 13 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: SINDHUMOL V N (Auditor, On 31-01-2022)<br>Last Updated By: Joe M James (Computer Assistant, On 14-02-2022) | 1-11 |
| 14 | ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: SINDHUMOL V N (Auditor, On 31-01-2022)<br>Last Updated By: Joe M James (Computer Assistant, On 18-02-2022) | 1-11-1 |
| 15 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭ്യമാക്കിയിട്ടില്ല<br>Written By: C. Anilkumar (Audit Officer, On 31-01-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 22-02-2022) | 1-12 |
| 16 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-അർഹമായ ആനുകൂല്യം നൽകിയില്ല<br>Written By: SINDHUMOL V N (Auditor, On 30-01-2022)<br>Last Updated By: Joe M James (Computer Assistant, On 18-02-2022) | 1-13 |
| 17 | 2.25 കോടി രൂപയുടെ ഫണ്ട് ലാപ്സാക്കി | 1-14 |

| | | |
|---|---|---|
| | Written By: Arun S Nair (Asst. Audit Officer, On 30-01-2022)<br>Last Updated By: Joe M James (Computer Assistant, On 15-02-2022) | |
| 18 | ഔദ്യോഗിക വാഹനത്തിന്റെ ഉപയോഗം - അപാകങ്ങൾ<br>Written By: Arun S Nair (Asst. Audit Officer, On 30-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 16-02-2022) | 1-15 |
| 19 | ചട്ടങ്ങൾ പാലിക്കാതെ ദിവസ വേതനാടിസ്ഥാനത്തിൽ ക്ലർക്കുമാരെ നിയമിച്ചു<br>Written By: Arun S Nair (Asst. Audit Officer, On 30-01-2022)<br>Last Updated By: Joe M James (Computer Assistant, On 15-02-2022) | 1-16 |
| 20 | ആനിമൽ ബർത്ത് കൺട്രോൾ പദ്ധതി നടപ്പിലാക്കുന്നില്ല<br>Written By: Arun S Nair (Asst. Audit Officer, On 30-01-2022)<br>Last Updated By: Joe M James (Computer Assistant, On 18-02-2022) | 1-17 |
| 21 | അഗതിരഹിത കേരളം പദ്ധതിയ്ക്ക് എസ്.സി.പി ഫണ്ട് വകയിരുത്തിയത് ക്രമപ്രകാരമല്ല<br>Written By: Arun S Nair (Asst. Audit Officer, On 31-01-2022)<br>Last Updated By: Joe M James (Computer Assistant, On 15-02-2022) | 1-18 |
| 22 | അങ്കണവാടികൾക്ക് പൈപ്പ് ലൈൻ കണക്ഷൻ - തുക ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: Arun P B (Senior Grade Auditor, On 31-01-2022)<br>Last Updated By: Joe M James (Computer Assistant, On 15-02-2022) | 1-19 |
| 23 | കൃഷി ഭവൻ നവീകരണം-പദ്ധതി ഭേദഗതി ചെയ്യാതെ നിർവ്വഹണ രീതിയിൽ മാറ്റം വരുത്തി<br>Written By: Arun P B (Senior Grade Auditor, On 31-01-2022)<br>Last Updated By: Joe M James (Computer Assistant, On 15-02-2022) | 1-20 |
| 24 | ബാരൽ വില , ജി.എസ്.ടി എന്നിവ തനത് ഫണ്ടിൽ ശേഷിക്കുന്നു<br>Written By: C. Anilkumar (Audit Officer, On 31-01-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 22-02-2022) | 1-21 |
| 25 | നിശ്ചിത സമയപരിധി കഴിഞ്ഞ് എഗ്രിമെന്റ് വച്ച കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല<br>Written By: C. Anilkumar (Audit Officer, On 31-01-2022)<br>Last Updated By: Joe M James (Computer Assistant, On 18-02-2022) | 1-22 |
| 26 | ജി.എസ്.ടി കോമ്പൻസേഷൻ - കരാറുകാർ സെൽഫ് ഡിക്ലറേഷൻ ഫാറം ലഭ്യമാക്കിയിട്ടില്ല<br>Written By: C. Anilkumar (Audit Officer, On 31-01-2022)<br>Last Updated By: Joe M James (Computer Assistant, On 18-02-2022) | 1-23 |
| 27 | കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കിയതിൽ കുറവ്<br>Written By: C. Anilkumar (Audit Officer, On 31-01-2022)<br>Last Updated By: Joe M James (Computer Assistant, On 16-02-2022) | 1-24 |
| 28 | കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റ് നിർമ്മാണം മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധം - യൂണിറ്റ് പ്രവർത്തന സജ്ജമായിട്ടില്ല<br>Written By: C. Anilkumar (Audit Officer, On 31-01-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 23-02-2022) | 1-25 |
| 29 | ഗുണഭോക്തൃ സമിതിയുടെ ചെലവ് രേഖകൾ ഇല്ല - ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: C. Anilkumar (Audit Officer, On 31-01-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 23-02-2022) | 1-26 |
| 30 | ആദായ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: C. Anilkumar (Audit Officer, On 31-01-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 23-02-2022) | 1-27 |
| 31 | ടിപ്പ് ഷീറ്റ് ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: C. Anilkumar (Audit Officer, On 31-01-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 23-02-2022) | 1-28 |

| | | |
|---|---|---|
| 32 | കാലാവധി ദീർഘിപ്പിക്കരണം - പിഴ ചുമത്തുന്നതിന് പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: C. Anilkumar (Audit Officer, On 31-01-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 23-02-2022) | 1-29 |
| 33 | ചെളിമണ്ണ് ലേലം ചെയ്യാൻ നടപടി സ്വീകരിച്ചില്ല<br>Written By: C. Anilkumar (Audit Officer, On 31-01-2022)<br>Last Updated By: Joe M James (Computer Assistant, On 18-02-2022) | 1-30 |
| 34 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പ്രോജക്ട് നടത്തിപ്പിൽ അപാകത<br>Written By: Arun S Nair (Asst. Audit Officer, On 31-01-2022)<br>Last Updated By: Joe M James (Computer Assistant, On 16-02-2022) | 1-31 |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| --- No Records Found --- | | |
| ഭാഗം 4 | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 30-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 30-01-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: Joe M James (Computer Assistant, On 16-02-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 29-01-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: Joe M James (Computer Assistant, On 16-02-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 29-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: Joe M James (Computer Assistant, On 18-02-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Arun S Nair (Asst. Audit Officer, On 22-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 22-01-2022) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 29-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 31-01-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 23-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: Joe M James (Computer Assistant, On 18-02-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 21877376 രൂപ മുന്നിരിപ്പും 238675000 രൂപ വരവും 219434242 രൂപ ചെലവും 41118134 നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് 16.2.2019-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 27.3.2020-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക .23.5.2020-ൽ എയിംസിൽ സബ്മിറ്റ് ചെയ്തു. വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു-

1. ഷെഡ്യൂൾ ബി-3-ൽ 2018-19-ലെ വാർഷിക ധനകാര്യപത്രികയിലെ തുക തന്നെയാണ് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ (52806451) ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവായ തുക ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല.

2. ഷെഡ്യൂൾ ബി-4-ൽ Centrally Sponsored Scheme – ICDS എന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാലൻസ് (2147134) ബന്ധപ്പെട്ട രജിസ്റ്ററിലെ തുകയുമായി (1989053) പൊരുത്തപ്പെടുന്നില്ല. പ്രസ്തുത ഇനത്തിൽ തൻവർഷം 846108 രൂപ ലഭിച്ചതായി രജിസ്റ്ററിൽ കാണിച്ചിട്ടുണ്ട്, എന്നാൽ അക്കൗണ്ട്സ് ഈയിനത്തിൽ വരവ് 1004189 രൂപയാണ്.

3. ഷെഡ്യൂൾ ബി-4-ൽ Grants From Suchitwa Mission എന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാലൻസ് (1843017 രൂപ) തുക ബന്ധപ്പെട്ട രജിസ്റ്ററിലെ തുകയുമായി (1627537) പൊരുത്തപ്പെടുന്നില്ല.

4. ഷെഡ്യൂൾ ബി-4-ൽ Contributions For Joint Venture Projects (Capital) – Block Panchayat ഇനത്തിലുള്ള തുകയായ 135763 രൂപ 31.3.2018 മുതൽ അവശേഷിക്കുന്ന തുകയാണ്. പ്രസ്തുത തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

5. ഷെഡ്യൂൾ ബി-4-ൽ Contributions For Joint Venture Projects (Capital) – District Panchayat ഇനത്തിലുള്ള ബാലൻസ് തുകയായ 497324 രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

6. ഷെഡ്യൂൾ ബി-4-ൽ Joint Venture Projects (Revenue)- Block Panchayat എന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാലൻസ് (5034780) ബന്ധപ്പെട്ട രജിസ്റ്ററിലെ തുകയുമായി (4562947) പൊരുത്തപ്പെടുന്നില്ല.

7. ഷെഡ്യൂൾ ബി-4-ലെ Joint Venture Projects (Revenue)- Disrict Panchayat, Contibutions For Other Specific Purposes (Capital)- Block Panchayat, Contibutions For Other Specific Purposes (Revenue)- Block Panchayat എന്നീയിനങ്ങളിലെ ബാലൻസ് തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

8. ഷെഡ്യൂൾ ബി-5-ൽ ലോൺ തുകയുടെ ബാലൻസായി രേഖപ്പെടുത്തിയിട്ടുള്ളത് 5090377 രൂപയാണ്, എന്നാൽ വർഷാവസാനം 4441553 രൂപ മാത്രമാണ് ഒടുക്കാൻ അവശേഷിക്കുന്നത്. തൻവർഷം 2150000 രൂപ ലോൺ എടുത്തിട്ടുണ്ട്, എന്നാൽ ഷെഡ്യൂൾ RP-32-ൽ 1850000 രൂപയാണ് കാണിച്ചിരിക്കുന്നത്. സ്രോതസ്സിൽ നിന്നും കുറവു ചെയ്ത 808824 രൂപ ഷെഡ്യൂൾ I-6-ൽ ഉൾപ്പെടുത്തിയിട്ടില്ല.

9. സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ ഷെഡ്യൂൾ I-6-ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ സേവന പെൻഷൻ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

10. ഓരോയിനം ഡെപ്പോസിറ്റിന്റെയും വാർഷിക സംക്ഷിപ്തമില്ലാത്തതിനാൽ ഷെഡ്യൂൾ ബി-7-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധയിനം ഡെപ്പോസിറ്റ് ബാലൻസുകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

11. ഷെഡ്യൂൾ ബി-11 പ്രകാരമുള്ള ആസ്തിയുടെ മൂല്യനിർണ്ണയം രേഖപ്പെടുത്തിയിട്ടുള്ളത് കൃത്യമല്ല. പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവിന്റെ മൂല്യം കേവലം 29000 രൂപ എന്നാണ് കാണിച്ചിട്ടുള്ളത്. വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ, കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്നീ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ആസ്തിയായി കാണിക്കാത്തത് മൂലം മുൻ വർഷത്തെ തുക തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

12. വസ്തു നികുതിയിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

13. ആർ.പി. 10 ഷെഡ്യൂളിൽ ഓഡിറ്റ് റിക്കവറിയിനത്തിൽ രേഖപ്പെടുത്തിയ 12987 രൂപയുടെ കൃത്യത ഓഡിറ്റ് റിക്കവറി രജിസ്റ്ററിന്റെ അഭാവത്തിൽ ബോധ്യപ്പെട്ടിട്ടില്ല.

അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 33858299.50 |
| വരവ് | 66782763 |
| ആകെ | 100641062.50 |
| ചെലവ് | 60044024 |
| നീക്കിയിരിപ്പ് | 40597038.50 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നിക്കിയിരിപ്പ് | |
|---|---|---|---|---|---|---|
| | | | | | ട്രഷറി ക്യൂബിൽ | ലാപ്സായത് |
| വികസന ഫണ്ട് (ജനറൽ) | 0 | 19619300 | 19619300 | 12200872 | 1184211 | 6264217 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 21158000 | 21158000 | 8701070 | 2179905 | 10277025 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 162000 | 162000 | 63515 | 0 | 98485 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10832670 | 10832670 | 4694538 | 2710919 | 3427213 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 24825000 | 24825000 | 5668323 | 4806363 | 14350314 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4143000 | 4143000 | 2922619 | 174836 | 1045545 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| എസ്.എസ്.എ. | 9065 | 0 | 9065 | 0 | -- | 9065 |
| സാക്ഷരത | 2964 | 45 | 3009 | 0 | -- | 3009 |
| പശ്ചിമഘട്ട വികസനപദ്ധതി | 18966 | 613 | 19579 | 0 | -- | 19579 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| MGNREGS | 14649 | 17078316 | 17092965 | 16506674 | -- | 586291 |
| ഐ.സി.ഡി.എസ് | 1939936 | 1004189 | 2944125 | 796991 | -- | 2147134 |

പഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു-

1. വികസന ഫണ്ട് (ജനറൽ) ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറച്ചത് അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ഈടാക്കുന്ന തുകയിൽ 1708200 രൂപ വരവിനത്തിലും 854100 രൂപ ചെലവിനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

2. വികസന ഫണ്ട് (ജനറൽ) ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറച്ചത് ലൈഫ് മിഷൻ വായ്പയുടെ മുതൽ തിരിച്ചടവ് 514706 രൂപ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

3. വികസന ഫണ്ട് (ജനറൽ) ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറച്ചത് വൈദ്യുതി ചാർജ്ജ് ഇനത്തിലുള്ള കുടിശ്ശികയായ 260 രൂപ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

4. ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി) (294118) തുക (സ്രോതസ്സിൽ നിന്നും കുറച്ചത്) വികസന ഫണ്ട് (എസ്.സി.പി) വരവിലും ചെലവലും ഉൾപ്പെടുത്തിയിട്ടില്ല.

5. സ.ഉ (സാധാ.) 9428/2019/ധന തീയതി 30.11.2019 ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് തുകയായ 8275000 രൂപ റോഡ് സംരക്ഷണ ഗ്രാന്റ് വരവിനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. സ.ഉ (സാധാ.) 9428/2019/ധന തീയതി 30.11.2019 ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് തുകയായ 1381000 രൂപ റോഡിതര സംരക്ഷണ ഗ്രാന്റ് വരവിനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 394 | 133471765 | 170 | 41586086 | 224 | 31.16 |

പ്രോജക്ടുകളുടെ ബാഹുല്യമാണ് പദ്ധതി നിർവ്വഹണ ചെലവ് കുറയുന്നതിന്റെ പ്രധാന കാരണം. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതും പ്രോജക്ട് ആവിഷ്കരിക്കുന്നതും പഞ്ചായത്തിന്റെ സമഗ്രവികസനത്തിന്

സഹായകമല്ല. നടപ്പിലാക്കിയ പ്രോജക്ടുകളിൽ 77 എണ്ണം മുൻ വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകളാണ്. കൃത്യമായ ആസൂത്രണമില്ലായ്മയാണ് പ്രോജക്ടുകളുടെ നിർവ്വഹണം വർഷാവസാനം വരെ നീണ്ടു പോകുന്നതിനും വലിയൊരു ശതമാനം പ്രോജക്ടുകൾ സ്പിൽ ഓവറാകുന്നതിനും കാരണമാകുന്നത്. പഞ്ചായത്ത് ഭരണസമിതി ഈ വിഷയത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. വാർഡ് അടിസ്ഥാനത്തിലുള്ള പ്രോജക്ടുകളാണ് മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും. നൂതന പ്രോജക്ടുകൾ എന്ന ആശയം പദ്ധതി രൂപീകരണത്തിൽ പ്രതിഫലിക്കുന്നില്ല.

സ.ഉ(കൈ.) 11/2018/തസ്വഭവ തീയതി 29.1.2018 ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ആശയങ്ങൾ പൂർണ്ണമായി പാലിച്ച്കൊണ്ടല്ല പ്രോജക്ടുകൾ ആവിഷ്കരിച്ചത് എന്ന് വ്യക്തമാണ്. ജൈവകൃഷി, തരിശുഭൂമി കൃഷി, കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന പ്രോജക്ടുകൾ തയ്യാറാക്കിയിട്ടില്ല. കുടുംബശ്രീയുടെ നൈപുണ്യവികസനം, സംരംഭവികസനം എന്നീ പരിപാടികളുമായി സംയോജിപ്പിച്ച് പ്രോജക്ടുകൾക്ക് രൂപം നൽകിയിട്ടില്ല. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ ഉത്പാദന മേഖലയിൽ പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. സാമൂഹ്യനീതി, സഹകരണം, കായികം, കല-സാംസ്കാരിക മേഖലകളെ പൂർണ്ണമായി അവഗണിച്ചിരിക്കുന്നു.

## 1-5-1 നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 24 | 11 | 10723270 | 3701000 | 34.51 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 13 | 3463149 | 1876432 | 54.18 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 257 | 71 | 67025236 | 15692052 | 23.41 |
| കൃഷി ഓഫീസർ | 18 | 13 | 6121891 | 1734544 | 28.33 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 24 | 17 | 28673813 | 8704269 | 30.36 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14 | 10 | 5327297 | 4048565 | 76.00 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 11 | 11 | 1851957 | 1440106 | 77.76 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 266111 | 266111 | 100.00 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 746500 | 529000 | 70.86 |
| വെറ്ററിനറി സർജൻ | 11 | 7 | 5149800 | 852312 | 16.55 |
| പ്രധാനാദ്ധ്യാപിക, ജി.എൽ.പി.എസ് | 10 | 8 | 2422741 | 2041695 | 84.27 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 6 | 5 | 1700000 | 700000 | 41.18 |
| | 394 | 170 | 133471765 | 41586086 | 31.16 |

സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, വെറ്ററിനറി സർജൻ, കൃഷി ഓഫീസർ എന്നിവർ പദ്ധതി നിർവ്വഹണത്തിൽ വളരെ ഉദാസീന മനോഭാവമാണ് പുലർത്തിയത് എന്ന് മേൽ സൂചിപ്പിച്ചിട്ടുള്ള കണക്കുകൾ വ്യക്തമാക്കുന്നു. ആവിഷ്കരിച്ച പ്രോജക്ടുകളുടെ കേവലം 28 ശതമാനം പ്രോജക്ടുകളാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ചത്. മരാമത്ത് പ്രവൃത്തികൾ വർഷാവസാനം വരെ നീട്ടി മാർച്ച് മാസത്തിൽ ചെലവ് നടത്തുന്ന പ്രവണതയിൽ മാറ്റം വരുത്തേണ്ടതാണ്. പഞ്ചായത്ത് ഭരണ സമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഈ വിഷയത്തിൽ യാതൊരു ഇടപെടലും നടത്തിയിട്ടില്ല എന്നതും പ്രോജക്ടുകൾ രൂപീകരിക്കുന്നതോടെ ഇവരുടെ ഉത്തരവാദിത്തം അവസാനിക്കുകയും നിർവ്വഹണപ്രക്രിയയുടെ നിരന്തര വിലയിരുത്തലിലും മോണിട്ടറിംഗിലും പങ്കാളികളാകുന്നില്ല എന്നതും വ്യക്തമാണ്.

## 1-5-2 ഗ്രാമസഭകൾ നിർജ്ജീവം , വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയം

ഗ്രാമസഭകൾ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിന്റെ വേദിയായി മാത്രം പരിണമിച്ചിരിക്കുന്നു. വാർഡിന്റെയും പഞ്ചായത്തിന്റെയും സാമ്പത്തിക, സാമൂഹ്യ, വിദ്യാഭ്യാസ, സാംസ്കാരിക വികസനത്തിന് ആവശ്യമായ പദ്ധതികൾ

ഗ്രാമസഭകളിൽ നിന്നും നിർദ്ദേശിക്കപ്പെടുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പൂർണ്ണ പരാജയമാണ്. മുൻ വർഷത്തെ അനുഭവങ്ങൾ അടിസ്ഥാനത്തിൽ വേണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത് എന്ന കാര്യം കണക്കിലെടുക്കാതെ വർഷാവർഷം നടപ്പിലാക്കുന്ന സമാന രീതിയിലുള്ള പ്രോജക്ടുകൾക്കാണ് രൂപം നൽകിയിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകൾ മുഖേന പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്താത്തത് അവയുടെ ലക്ഷ്യപ്രാപ്തിയെ ബാധിച്ചിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 14649 | 848713 | 863362 | 277071 | 586291 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16015603 | 16015603 | 16015603 | 0 |
| 100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 214000 | 214000 | 214000 | 0 |
| ആകെ | 14649 | 17078316 | 17092965 | 16506674 | 586291 |

## 1-7 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2883 | 24431700 |
| വിധവാ പെൻഷൻ | 944 | 7351800 |
| കർഷക തൊഴിലാളി പെൻഷൻ | 434 | 3721800 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 302 | 2472000 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 25 | 216600 |
| തൊഴിൽ രഹിത വേതനം | 10 | 6480 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.1.2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 609 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. എല്ലാ ബാങ്ക് അക്കൗണ്ടുകളും മാസാവസാനം റിക്കൺസിലിയേഷൻ നടത്തുന്നുണ്ട്. വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല.

പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളിൽ ജനപങ്കാളിത്തം വളരെ കുറവാണ്. പരമാവധി ആളുകളെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമസഭാ കൺവീനർമാരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ഗ്രാമസഭകളിൽ ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകുന്നില്ല. ഗ്രാമസഭയിൽ നിന്നും വരുന്ന നിർദ്ദേശങ്ങൾ പദ്ധതി ആസൂത്രണത്തിൽ പ്രതിഫലിക്കുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ എന്നിവയുടെ വർക്കിംഗ് ഗ്രൂപ്പ് ഓഡിറ്റ് വർഷം കൂടിയിട്ടില്ല. ഒട്ടുമിക്ക വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സുകളും സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിട്ട്സ് സകർമ്മ സോഫ്റ്റ വെയർ ഉപയോഗിച്ചാണ് രേഖപ്പെടുത്തുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ എല്ലാ മാസങ്ങളിലെയും വരവുചെലവ് കണക്കുകൾ അംഗീകരിക്കുക എന്നത്

മാത്രമാണ് ചെയ്യുന്നത്. പുതിയ വരുമാന മാർഗ്ഗം കണ്ടെത്തുകയോ, ചെലവ് നിയന്ത്രണം ഉൾപ്പെടെയുള്ള പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിയ്ക്കുള്ള കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുകയോ ചെയ്യുന്നില്ല. ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വിദ്യാഭ്യാസമേഖലയെ പൂർണ്ണമായി അവഗണിച്ച് ആരോഗ്യമേഖലയിലെ വിഷയങ്ങൾ മാത്രമാണ് ചർച്ച ചെയ്യുന്നത്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അർഹത പരിശോധനയ്ക്ക് ശേഷം ലഭിക്കുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകൾ ജനറൽ കമ്മിറ്റിയ്ക്ക് അനന്തര നടപടികൾക്കായി നൽകുന്ന ചുമതല മാത്രമാണ് ചർച്ച ചെയ്യുന്നത്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം താരതമ്യേന തൃപ്തികരമാണ്.

വാടക രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നവയിൽ ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധയിനം ഡെപ്പോസിറ്റുകൾ ഒരുമിച്ചാണ് എഴുതിയിട്ടുള്ളത്. വാർഷിക സംക്ഷിപ്തവും തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. നാളിതുവരെ ആർജ്ജിച്ചിട്ടുള്ള എല്ലാ ആസ്തികളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

ജീവനക്കാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പേര് വിവരങ്ങൾ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ചമയ്ക്കുന്ന കരാർ ഉടമ്പടിൽ കരാർ കാലാവധി സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തുന്നില്ല. കരാർ കാലാവധി ലംഘിക്കുന്ന കരാറുകാർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെങ്കിൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തിയേ മതിയാവൂ. ആയതിന് വേണ്ട നിർദ്ദേശം ഭരണ സമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്. മരാമത്ത് പ്രവൃത്തിയുടെ കരാറിലേർപ്പെടുന്ന കരാറുകാർ ജാമ്യമായി വയ്ക്കുന്ന പെർഫോമൻസ് ഗ്യാരണ്ടി, അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവയായി അസി.എഞ്ചിനിയറുടെ പേരിൽ പ്ലെഡ്ജ് ചെയ്ത് സമർപ്പിക്കുന്ന ട്രഷറി/ബാങ്ക് സ്ഥിര നിക്ഷേപ രസീതുകൾ സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഓരോ പേജിലായി അലക്ഷ്യമായി വച്ചിരിക്കുകയാണ്. ആയത് ചെസ്റ്റ് /ലോക്കറിൽ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.8.2012- 25.8.2012 | 2007-08 മുതൽ 2011-12 വരെ | 19.10.2012 |
| പെർഫോമൻസ് ഓഡിറ്റ് | 21.7.2021- 26.7.2021 | 1-2021 മുതൽ 3-2021 വരെ | 26.7.2021 |

## 1-11 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

തൊഴിൽനികുതി പിരിവ് പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| | |
|---|---|
| കൊശമററം ഫിനാൻസ്, കിടങ്ങന്നൂർ | രണ്ടാം അർദ്ധവർഷം |
| താഴെയിൽ നിധി, ആറാട്ടുപുഴ | രണ്ടാം അർദ്ധവർഷം |
| സൗത്ത് ഇന്ത്യൻ ബാങ്ക്, ആറന്മുള | രണ്ടാം അർദ്ധവർഷം |
| പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്, കിടങ്ങന്നൂർ | രണ്ടാം അർദ്ധവർഷം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 17/25.01.22) മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-11-1 ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്ന

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനവും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും

തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. സെന്റ്.തോമസ് ഹോസ്പിററൽ, മാലക്കര

2. ചെറിയാൻ മെമ്മോറിയൽ എക്സറെ & ലാബ്

3. ബി.ആർ.സി, ആറൻമുള

4. പോസ്ററ് ഓഫീസ്, നീർവിളാകം

5. ആദ്വൈതാനന്ദ പബ്ളിക് സ്കൂൾ, മാലക്കര

6. കൃഷ്ണാ മെഡിക്കൽസ്, ആറൻമുള

7. എക്സൽ ക്ളിനിക്ക്, ആറൻമുള

8. എൻ.എസ്.എസ്. ആയുർവ്വേദ ഹോസ്പിററൽ, ആറൻമുള

9. ഗവ. ആയുർവ്വേദ ഹോസ്പിററൽ , നീർവിളാകം

10.ഗവ. ഡി.വി.എൽ.പി. സ്കൂൾ, കോട്ട

11. കൊശമററം ഫിനാൻസ്, കിടങ്ങന്നൂർ

12. താഴെയിൽ നിധി, ആറാട്ടുപുഴ

13. സൗത്ത് ഇന്ത്യൻ ബാങ്ക്, ആറൻമുള

14. പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്, കിടങ്ങന്നൂർ

തൊഴിൽ നികുതി അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 17/25.01.22) മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-12 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭ്യമാക്കിയിട്ടില്ല

നികുതിയേതര വരുമാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ഇ.ടെന്റർ മുഖേന നടപ്പാക്കിയ പ്രവർത്തികളുടെ ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭ്യമാക്കയിട്ടില്ല.

സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ തീ. 28-09-2013 പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ (സാധാ) നമ്പർ 3186/2017/ത.സ്വ.ഭ.വ പ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നു. എന്നാൽ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ അസി.എഞ്ചിനിയറുടെ പേരിൽ നാളിതുവരെ അക്കൗണ്ട് ആരംഭിച്ചിട്ടില്ല. 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനീയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിലേക്കാണ് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ വിവരത്തിന്റെയടിസ്ഥാനത്തിൽ ഓഡിറ്റ് വർഷം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | ഒടുക്കിയ ടെണ്ടർ ഫീ |
|---|---|
| 2019-20 | 19097 |
| 2020-21 | 47206 |
| ആകെ | 66303 |

2015-16 മുതൽ 18-19 വരെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീ നാളിതുവരെയും തിരികെ ഈടാക്കാത്തതുമൂലം പലിശയിനത്തിൽ ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ടെണ്ടർ ഫീ തിരികെ ലഭിക്കുന്നതിന് അടിയന്തിര നടപടി

സ്വീകരിക്കേണ്ടതും ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയായി വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. തുക ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-13 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-അർഹമായ ആനുകൂല്യം നൽകിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് സബ്സിഡി (5/20) |
| അടങ്കൽ തുക | വികസന ഫണ്ട് - 100000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 200000<br>ജില്ലാ പഞ്ചായത്ത് വിഹിതം - 100000 |
| ചെലവു തുക | 100000/- |
| ബിൽ നം.,തീയതി, തുക | 19070252015800361569-19/07/2019 Rs.39040<br>19070252015800377338-24/07/2019 Rs.15950<br>19070252015800443484-13/08/2019 Rs.30255<br>19070252015800447143-14/08/2019 Rs.14755 |

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച പദ്ധതിയിൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടില്ല.

ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായി പ്രോജക്ട് നടപ്പിലാക്കാമെങ്കിലും ജില്ലാ/ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം ലഭ്യമാക്കുന്നതിന് സാധിച്ചില്ല. പ്രസ്തുത പദ്ധതിയ്ക്കായി 100000/- രൂപ വികസന ഫണ്ട് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. കിടങ്ങന്നൂർ (22 ഗുണഭോക്താക്കൾ) , ഇടയാറൻമുള ( 7 ഗുണഭോക്താക്കൾ ) , നീർവിളാകം ( 9 ഗുണഭോക്താക്കൾ) കോട്ട ( 16 ഗുണഭോക്താക്കൾ) എന്നീ 4 ക്ഷീര സഹകരണ സംഘങ്ങൾ മുഖേന ക്ഷീരകർഷകർക്ക് തൻവർഷം ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള മാസങ്ങളിൽ മാത്രമാണ് പാലിന് സബ്സിഡി നൽകിയിട്ടുള്ളത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി.14.02.2018) പ്രകാരം ക്ഷീരസംഘത്തിൽ അളക്കുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ ഒരു കർഷകന് ഒരു വർഷം പരമാവധി 40000 രൂപ സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് 2019 ജൂലൈ മാസം വരെ 3 രൂപ നിരക്കിലാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ആവശ്യകതയ്ക്കനുസൃതമായി ഫണ്ട് വകയിരുത്താത്തതിനാൽ 2019 ആഗസ്റ്റ് മുതൽ 2020 മാർച്ച് വരെയുള്ള കാലയളവിലെ സബ്സിഡി നൽകാനായില്ല എന്നതും പദ്ധതി നിർവ്വഹണത്തിലെ അപാകതയായി കണക്കാക്കുന്നു.

സംയുക്ത പദ്ധതി മുഖേന ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും വിഹിതം യഥാസമയം ലഭ്യമാക്കുന്നതിനും ക്ഷീരകർഷകർക്ക് പരമാവധി സബ്സിഡി നൽകുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 2.25 കോടി രൂപയുടെ ഫണ്ട് ലാപ്സാക്കി

2019-20 വർഷം ലഭിച്ച വിവിധ ഫണ്ടുകളും അവയുടെ ചെലവും സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഫണ്ട് ഇനം | വരവ് | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 19619300 | 12200872 | 6264217 | 62.19 |
| വികസന ഫണ്ട് (എസ്.സി.പി) | 21158000 | 8701070 | 10277025 | 41.12 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 162000 | 63515 | 98485 | 39.21 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10832670 | 4694538 | 3427213 | 43.34 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 24825000 | 5668323 | 14350314 | 22.83 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4143000 | 2922619 | 1045545 | 70.54 |
| | | | 22562799 | |

റോഡിതര സംരക്ഷണ ഗ്രാന്റൊഴികെ മറ്റ് എല്ലാ ഫണ്ടുകളുടെയും ചെലവ് വളരെ കുറവാണ്. പട്ടികജാതി വിഭാഗക്കാർക്കുള്ള വികസന ഫണ്ടിനത്തിൽ ഒരു കോടി രൂപയിലധികം ലാപ്സാക്കിയത് ഗൗരവമേറിയ സംഗതിയാണ്. പഞ്ചായത്ത് ഭരണസമിതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രതിമാസ യോഗത്തിൽ ഫണ്ട് യഥാസമയം

ചെലവഴിക്കാത്തതിന്റെ കാരണങ്ങൾക്ക് (ഗുണഭോക്താക്കളുടെ അഭാവം, ഗുണഭോക്തൃ വിഹിതം ഒടുക്കാനുള്ള പ്രയാസം, ടെണ്ടർ നടപടികളുടെ കാലതാമസം, സാധനങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഉൾപ്പെടെ) പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുകയും ഫണ്ടുകളുടെ പൂർണ്ണമായ വിനിയോഗം ഉറപ്പുവരുത്തേണ്ടതുമാണ്. സമയബന്ധിതമായി ഫണ്ടുകൾ ചെലവഴിക്കാത്തത് മൂലം പഞ്ചായത്തിന് 2.25 കോടി രൂപ നഷ്ടപ്പെട്ടതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 ഔദ്യോഗിക വാഹനത്തിന്റെ ഉപയോഗം - അപാകങ്ങൾ

പഞ്ചായത്ത് സെക്രട്ടറിയുടെ ഉടമസ്ഥതയിലുള്ള KL 3W 1818 എന്ന വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ (ആറ് മാസത്തിലൊരിക്കൽ) സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ സൂക്ഷിച്ചിട്ടില്ല. 2019-20 കാലയളവിൽ വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ലോഗ് ബുക്ക് ഇടക്കിടെ പരിശോധിച്ച് വാഹന ഉപയോഗം ക്രമപ്രകാരമാണോ എന്ന് ഉറപ്പുവരുത്തി പരിശോധനാ വിവരം രേഖപ്പെടുത്തേണ്ടതുമാണ് . എന്നാൽ, ഇപ്രകാരമുള്ള പരിശോധനകൾ നടത്തിയിട്ടില്ല.

3. ഇടയാറന്മുള IOB ബാങ്കിൽ കളക്ഷൻ തുക ഒടുക്കുവാൻ വേണ്ടി മാത്രം ഒട്ടുമിക്ക ദിവസങ്ങളിലും വാഹനം ഉപയോഗിച്ചതായി കാണുന്നു. അടിയന്തിര സാഹചര്യങ്ങളിൽ ഒഴികെ ഇപ്രകാരമുള്ള യാത്രകൾക്ക് ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നത് ക്രമപ്രകാരമല്ല.

4. 22.6.2019-ന് മായാലുമൺ സ്കൂളിൽ വെച്ച് നടന്ന കെ.എസ്.ഇ.ബി സുരക്ഷ സംബന്ധിച്ചുള്ള മീറ്റിംഗിന് പ്രസിഡന്റ് പോയി വന്ന യാത്രയുടെ വിവരത്തിൽ Starting Km 119149 Ending Km 119652 എന്നമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആകെ 22 Km യാത്രയ്ക്ക് 503 Km യാത്ര ചെയ്തതായി കാണിച്ചിട്ടുണ്ട്. ഇപ്രകാരം വാഹനം സഞ്ചരിക്കാത്ത 481 കിലോമീറ്ററിന് ഇന്ധനത്തിന് തുക ചെലവഴിച്ചിട്ടുമുണ്ട്. വാഹനത്തിന്റെ നിലവിലെ മൈലേജായ 12.5 Km/l നിരക്കിൽ 38 ലിറ്റർ ഡീസലിന്റെ വിലയായ 2684 രൂപ (@70.65) അനുവദിക്കുന്നില്ല. തുക അടവാക്കി അറിയിക്കേണ്ടതാണ്.

5. ഔദ്യോഗിക യാത്രകൾക്ക് ശേഷം വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ ഒപ്പ് രേഖപ്പെടുത്തുന്നില്ല.

മേൽ സൂചിപ്പിച്ച അപാകങ്ങളിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/29.1.2022) മറുപടി ലഭ്യമാക്കിയില്ല. നിരാകരിച്ച തുക ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ ഉൾപ്പെടെയുള്ള വാഹനത്തിന്റെ എല്ലാ രേഖകളും രജിസ്റ്ററുകളും കൃത്യമാക്കി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ചട്ടങ്ങൾ പാലിക്കാതെ ദിവസ വേതനാടിസ്ഥാനത്തിൽ ക്ലർക്കുമാരെ നിയമിച്ചു

പഞ്ചായത്ത് കമ്മിറ്റിയുടെ 31.1.2019-ലെ 10(1)-ാം നമ്പർ തീരുമാനം പ്രകാരം ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും, ഓഫീസ് പ്രവർത്തനങ്ങൾ കൂടുതൽ സുഗമമാക്കുന്നതുമായി ബന്ധപ്പെട്ട് ക്ലർക്ക് ശ്രീമതി ഐഷാ ബിവി ലീവിൽ പോകുന്ന ഒഴിവിൽ ശ്രീമതി ശ്രീരഞ്ജിനിയെയും, ക്ലർക്കായ കുമാരി നൗറീൻ ലീവാകുന്നത് മുതൽ ശ്രീമതി സുധ കെ.എച്ച് എന്നയാളെയും നിയമിക്കാൻ തീരുമാനിച്ചു. ആയതിൻ പ്രകാരം ശ്രീമതി ഐഷാ ബീവിയെ 3/19 മുതൽ 6/19 വരെയും ശ്രീമതി സുധ കെ.എച്ച് നെ 3/19 മുതൽ 6/20 വരെയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചു. സ.ഉ (അച്ചടി) 56/2016/ധന തീയതി 26.2.2016-ലെ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നുള്ള സ്പഷ്ടമായ അനുമതിയുടെ (മുൻകൂർ അനുമതി) അടിസ്ഥാനത്തിൽ മാത്രമേ ഇപ്രകാരമുള്ള നിയമനങ്ങൾ നടത്തുവാൻ സാധിക്കുകയുള്ളൂ. പ്രസ്തുത വ്യക്തികളുടെ നിയമനത്തിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി പോലും വാങ്ങിയിട്ടില്ല. മാത്രവുമല്ല. ഇപ്രകാരമുള്ള നിയമനങ്ങൾ 179 ദിവസത്തേക്ക് മാത്രം പരിമിതപ്പെടുത്തേണ്ടതാണെന്നിരിക്കെ ശ്രീമതി സുധ കെ.എച്ച്. ഏകദേശം 16 മാസത്തോളം ദിവസവേതനാടി-സ്ഥാനത്തിൽ തുടരുകയുണ്ടായി. മേൽ സൂചിപ്പിച്ച വിഷയങ്ങളിൽ വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/27.1.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും ശ്രദ്ധ ക്ഷണിക്കുന്നു. മുൻകൂർ അനുവാദം കൂടാതെ ഇപ്രകാരമുള്ള ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങൾ ക്രമമല്ല.

## 1-17 ആനിമൽ ബർത്ത് കൺട്രോൾ പദ്ധതി നടപ്പിലാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ തെരുവ് നായപ്രശ്നം പരിഹരിക്കുന്നതിന് ABC (ആനിമൽ ബർത്ത് കൺട്രോൾ) പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 6(1) ചട്ടം പ്രകാരം അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ പിടിച്ച് നശിപ്പിച്ച് അതുവഴി പൊതുജനാരോഗ്യ സംരക്ഷണം ഉറപ്പുവരുത്തേണ്ടത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. 14.02.2018 ലെ സ.ഉ(കൈ)22/2018

തസ്വഭവ സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററെ നിർവഹണോദ്യോഗസ്ഥനായി അംഗികരിച്ച് കുടുംബശ്രീ മൈക്രോസംരംഭകയൂണിറ്റ് മുഖാന്തിരം ഒരു തെരുവ് നായയെ വന്ധീകരിക്കുന്നതിന് തീറ്റ, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ 2100 രൂപ നിരക്കിൽ തുക മുൻകൂറായി നൽകി പ്രോജക്ട് നടപ്പിലാക്കാവുന്നതാണ്. കൂടാതെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി നേരിട്ടും പദ്ധതി നടപ്പാക്കാവുന്നതാണ്. പഞ്ചായത്ത് പരിധിയിൽ തെരുവുനായ്ക്കളുടെ കടിയേറ്റതിന് ബഹു. ജസ്റ്റിസ് സിറി ജഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൂന്ന വ്യക്തികൾക്ക് 237346 രൂപ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന നഷ്ടപരിഹാരം നൽകേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. പ്രോജക്ട് നടപ്പിലാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/27.1.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതുജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന പ്രസ്തുത വിഷയം പഞ്ചായത്ത് ഭരണസമിതി ഗൗരവമായി കാണേണ്ടതും വരും വർഷങ്ങളിൽ പ്രോജക്ട് ആവിഷ്കരിക്കേണ്ടതുമാണ്.

## 1-18 അഗതിരഹിത കേരളം പദ്ധതിയ്ക്ക് എസ്.സി.പി ഫണ്ട് വകയിരുത്തിയത് ക്രമപ്രകാരമല്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | അഗതി രഹിത കേരളം പദ്ധതി (110/20) |
| വകയിരുത്തൽ | 200000/- (വികസന ഫണ്ട് - SCP) |
| ചെലവ് | 200000/- ട്രഷറി ബിൽ നം. 1907025014800480729/21.8.2019 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്-

1. പ്രസ്തുത പദ്ധതിയ്ക്ക് വികസന ഫണ്ടാണ് (എസ്.സി.പി) വകയിരുത്തിയിട്ടുള്ളത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വികസനത്തിന് ഉതകുന്ന പദ്ധതികൾ നടപ്പിലാക്കാൻ മാത്രമാണ് പ്രസ്തുത ഫണ്ട് വകയിരുത്തേണ്ടത്. അഗതി രഹിത കേരളം പദ്ധതിയ്ക്ക് പ്രസ്തുത ഫണ്ട് വകയിരുത്തി ചെലവഴിച്ചത് ക്രമപ്രകാരമല്ല

2. വികസന ഫണ്ടിൽനിന്ന് സി.ഡി.എസിന് കൈമാറിയ രണ്ട് ലക്ഷം രൂപ നാളിതുവരെയും ചെലവഴിച്ചിട്ടില്ല. ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ആരോഗ്യം എന്നീയിനങ്ങളിൽ വികസന ഫണ്ട് ചെലവഴിക്കാവുന്നതാണ്.

3. ഭവന നിർമ്മാണം ആവശ്യമുള്ള 34 ഗുണഭോക്താകൾ അഗതി രഹിത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇവരിൽ ആരെയും തന്നെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയെ സൂചിപ്പിക്കുന്നു,

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/23.2.2022) അസിസ്റ്റന്റ് സെക്രട്ടറി നൽകിയ മറുപടിയിൽ ഭവനപുനരുദ്ധാരണത്തിനുള്ള ഗുണഭോക്താക്കൾ കുറവായതിനാലാണ് തുക ചെലവിക്കാൻ സാധിക്കാൻ സാധിക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലുണ്ടായ വീഴ്ചകൾ തിരുത്താൻ പഞ്ചായത്ത് ഭരണസമിതിയും സി.ഡി.എസും ശക്തമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-19 അങ്കണവാടികൾക്ക് പൈപ്പ് ലൈൻ കണക്ഷൻ - തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിലെ 7 അംഗനവാടികൾക്ക് പൈപ്പ് ലൈൻ കണക്ഷൻ ലഭിക്കുന്നതിനായി (പ്രോ. നം. 258/20) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 1,50,000 രൂപ വകയിരുത്തി പദ്ധതി രൂപീകരിക്കുകയും കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം 1,50,000 രൂപ (ബിൽ നം. 01/11.06.2019) സ്ഥാപനത്തിൽ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥ വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെടാതെയാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കി കേരള വാട്ടർ അതോറിറ്റി യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ഇത് പ്രകാരം ആകെ ചെലവ് 1,20,294 രൂപയാണ്. പദ്ധതി നിർവ്വഹണത്തിന് ശേഷം വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്ന 29,706 രൂപ തിരികെ ഈടാക്കുകയോ പ്രസ്തുത മേഖലയിൽ തന്നെ വാട്ടർ അതോറിറ്റിയെക്കൊണ്ട് മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നതിനോ ശ്രമിക്കേണ്ടതാണ്.

## 1-20 കൃഷി ഭവൻ നവീകരണം-പദ്ധതി ഭേദഗതി ചെയ്യാതെ നിർവ്വഹണ രീതിയിൽ മാറ്റം വരുത്തി

കൃഷി ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 2,65,000 രൂപ പൊതുവിഭാഗം വികസന ഫണ്ടും 1,00,000 രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റും വകയിരുത്തി രൂപീകരിച്ച സ്പിൽ ഓവർ പദ്ധതിയുടെ (നം. 255/20) ഭാഗമായി ഓഫീസ് കൗണ്ടർ സജ്ജീകരിക്കുകയും ഓഫീസിലേക്ക് പ്ലാസ്റ്റിക്ക് കസേരകളും 2 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും വാങ്ങുകയും ചെയ്തതിന് 3,45,533 രൂപ ചെലവഴിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച് നടപ്പിലാക്കിയ 439/19 നമ്പർ പദ്ധതിയുടെ പേമെന്റ് നടത്തുന്നതിന് മാത്രാമായാണ് പദ്ധതി സ്പിൽ ഓവറായി നിലനിർത്തിയത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

A) 2018-19 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച 439/19 നമ്പർ പദ്ധതി പ്രകാരം എല്ലാ പർച്ചേസുകളും പത്രപ്പരസ്യം

നൽകി ടെണ്ടർ ക്ഷണിച്ച് നടപ്പിലാക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 06.03.2019-ലെ 1/35 നമ്പർ തീരുമാനപ്രകാരം ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ കെൽട്രോണിൽ നിന്ന് നേരിട്ട് വാങ്ങുന്നതിനും ഓഫീസ് കൗണ്ടർ സജ്ജീകരിക്കുന്ന പ്രവൃത്തി സിഡ്കോയെ നേരിട്ട് ഏൽപ്പിക്കുന്നതിനും തീരുമാനിച്ച നടപ്പിലാക്കി. അംഗീകാരം ലഭിച്ച പദ്ധതിയുടെ നിർവ്വഹണ രീതിയിൽ മാറ്റം വരുത്തുന്നതിന് പദ്ധതി ഭേദഗതി ചെയ്തിട്ടില്ല. ഇത് ക്രമപ്രകാരമല്ല.

B) ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട്, കെൽട്രോണിന്റെ 27.03.2019-ലെ പ്രൊഫോർമ ഇൻവോയിസ് പ്രകാരം, 2 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളുടെ വിലയായി 71,118 രൂപ (ബിൽ നം. 01/08.05.2019) മുൻകൂറായി നൽകി. എന്നാൽ 21.11.2019-ലെ ടാക്സ് ഇൻവോയിസ് പ്രകാരം 66,308 രൂപയാണ് യഥാർഥ ചെലവ് തുക. അധികമായി നൽകിയ 4810 രൂപ തിരികെ ഈടാക്കിയിട്ടില്ല. തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ട്രഷറി ഹെഡ്ഡിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 1-21 ബാരൽ വില , ജി.എസ്.ടി എന്നിവ തനത് ഫണ്ടിൽ ശേഷിക്കുന്നു

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പാക്കിയ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്മേലുള്ള ജി.എസ്.ടിയും കുറവ് ചെയ്ത് സെക്രട്ടറിയുടെ ട്രഷറി തനത്ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.59827/ഫ്.എം./07 ത.സ്വ.ഭ.വ/ 30-10-17 അനുസരിച്ച് ഏത് ഫണ്ടിൽ നിന്നാണോ ടാറിംഗ് പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടുള്ളത് പ്രസ്തുത ഫണ്ടിലേക്ക് ബാരൽ വില ക്രഡിറ്റ് ചെയ്യുകയാണ് ചെയ്യേണ്ടത്. എന്നാൽ തനത് ഫണ്ട് അക്കൗണ്ടിൽ നില നിർത്തിയിട്ടുള്ള ബാരൽ വില കൺസോളിഡേറ്റഡ് ഫണ്ടിലേക്കും ജി.എസ്.ടി ചരക്ക് സേവന നികുതി വകുപ്പിലേക്കും നാളിതുവരെ ഒടുക്ക് വരുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | ബാരലിന്റെ എണ്ണം | കുറവ് ചെയ്ത ബാരൽ വില | കുറവ് ചെയ്ത ജി.എസ്.ടി |
|---|---|---|---|---|
| 1. | ആറാട്ടുപുഴ – നീർവിളാകം റോഡ് റീടാറിംഗ് (411/19, 358/20)<br>അടങ്കൽ : 992000(MG Road)<br>കരാറുകാരൻ : ബറ്റ്സൺ പ്രസാദ്<br>ഫൈനൽ ബിൽ തുക : 517522<br>ബിൽ നം./ തീയതി : 19070252014900458434/16-08-19 | 36 | 8568 | 1542 |
| 2. | മൂശാരിയേത്ത് പടി വല്ല്യോലിൽ റോഡ് റീടാറിംഗ്(423/19, 365/20)<br>അടങ്കൽ തുക: 203420 (MG Road)<br>കരാറുകാരൻ : ബറ്റ്സൺ പ്രസാദ്<br>ഫൈനൽ ബിൽ നം./ തീയതി/തുക:<br>19070252014900843389/19-11-19<br>202934/- | 1 | 238 | 43 |
| | ആകെ | 37 | 8806 | 1585 |

ടി 8806 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്കും 1585 രൂപ ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്കു വരുത്തുന്നതിനായി ഓഡിറ്റ് എൻക്വയറി (7/22-01-22) മുഖേന ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. തനത് ഫണ്ടിൽ നില നിൽക്കുന്ന തുക ബന്ധപ്പെട്ട ഹെഡിൽ ഒടുക്ക് വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-22 നിശ്ചിത സമയപരിധി കഴിഞ്ഞ് എഗ്രിമെന്റ് വച്ച കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം കരാറുകാർ മുഖേന സ്പിൽ ഓവർ ഉൾപ്പെടെ നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തി കരാറിലേർപ്പെട്ടതിന് പിഴ ഈടാക്കാതിരുന്ന നടപടി ക്രമ വിരുദ്ധമാണ്.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000 രൂപയും മാക്സിമം 25000 രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്. ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ മേൽക്കാര്യങ്ങൾ വ്യക്തമാക്കിയിരുന്നുവെങ്കിലും സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കാതിരുന്ന ഏതാനും കരാറുകാർ തുടർന്നുള്ള 10 ദിവസത്തിനകം കരാർ ചമച്ചപ്പോൾ കരാർ തുകയുടെ 1% തുക ഫൈൻ ഇനത്തിൽ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിരുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് , കരാറുകാരൻ | സെലക്ഷൻ നോട്ടീസ്/കൈപ്പറ്റിയ തീയതി | കരാർ ചമച്ച തീയതി | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|
| 1 | മലമോടി കോളനി റോഡ് പാർശ്വഭിത്തി നിർമ്മാണം(422/19, 364/20)<br>കരാറുകാരൻ : സജിത്ത്.കെ<br>PAC തുക : 123868/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19070252014900972699/20-12-19<br>118773/- | 10-12-18 | 31-12-18 | 1239 |
| 2 | ആഞ്ഞിലിമൂട്ടിൽ - കാവിന്റെ മേലേതിൽപടി റോഡ് കോൺക്രീറ്റിംഗ്(94/19, 321/20)<br>കരാറുകാരൻ : സതീഷ് കുമാർ. വി<br>PAC തുക : 199378/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19070252014900740212/26-10-19<br>137096/- | 06-08-18 | 12-09-18 | 1994 |
| 3 | അങ്കണവാടി 50 ലേക്ക് നടപ്പാത നിർമ്മാണം(99/19, 322/20)<br>കരാറുകാരൻ : മോഹനൻ.T<br>PAC തുക : 94811/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19070252014900350938/17-07-19<br>94811/- | 10-10-18 | 18-01-19 | 1000 |
| 4 | ആനിക്കാട്ട്പടി മനയങ്ങാട്ട് പടി നടപ്പാത കോൺക്രീറ്റിംഗ് (85/19, 267/20)<br>കരാറുകാരൻ<br>: അനിൽകുമാർ.എൻ.സി | 06-08-18 | 19-09-19 | 1000 |

| | | | | |
|---|---|---|---|---|
| | PAC തുക : 99689/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>19070252014900044177/17-04-19<br>99440/- | | | |
| | ആകെ | | | 5233 |

പിഴ ചുമത്താതെ കരാറുകാരെക്കൊണ്ട് എഗ്രിമെന്റ് വയ്പ്പിച്ചത് മൂലം ഗ്രാമ പഞ്ചായത്തിന് പിഴ ഇനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 09/2019-20 തീയതി22.01.2022) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട കരാറുകാരോട് പിഴയൊടുക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും നിശ്ചിത സമയത്തിനകം അടവാക്കാത്ത പക്ഷം തുടർന്നു വരുന്ന ബിൽ തുകയിൽ നിന്നും പ്രസ്തുത തുക ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-23 ജി.എസ്.ടി കോമ്പൻസേഷൻ - കരാറുകാർ സെൽഫ് ഡിക്ലറേഷൻ ഫാറം ലഭ്യമാക്കിയിട്ടില്ല

2019-20 വർഷം അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പുതിയതായി ആവിഷ്കരിച്ച് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾക്ക് 12% ജി.എസ്.ടി കോമ്പൻസേഷൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. സ.ഉ(സാധാ) നം. 2432/2018/ത.സ്വ.ഭ.വ/ 29-09-18 പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ ക്ലയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽ വിലാസം, ജി.എസ്.ടി നം. എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സമർപ്പിക്കേണ്ട മാതൃകയും സർക്കാർ ഈ ഉത്തരവിനോടൊപ്പം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാതൃകയുടെ നാല് പകർപ്പുകൾ തയ്യാറാക്കേണ്ടതും ഒരെണ്ണം അസി.എഞ്ചിനിയറുടെ ഓഫീസിലും രണ്ടെണ്ണം ജി.എസ്.ടി വകുപ്പിലും നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശം പാലിക്കാതെയാണ് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുള്ളത്. മരാമത്ത് പ്രവത്തികളുടെ ഫയലുകളിൽ ഒന്നിലും തന്നെ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി സൂക്ഷിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(21/27-01-22) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ വിഷയം ബന്ധപ്പെട്ട കരാറുകാരെ അറിയിച്ചിട്ടുണ്ടെന്നും തന്നാണ്ടിലെ മരാമത്ത് പ്രവൃത്തികളിൽ ടി ഫാറം കരാറുകാരിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചു. ടി വർഷം ജി.എസ്.ടി കോമ്പൻസേഷൻ നൽകിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പ്രസ്തുത ഡിക്ലറേഷൻ ലഭ്യമാക്കി ഫയൽ ക്രമപ്പെടുത്തി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-24 കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കിയതിൽ കുറവ്

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ റീടാറിംഗ് പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്റെ ജി.എസ്.ടിയും കണക്കാക്കി ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു. MORD സ്പെസിഫിക്കേഷൻ അനുസരിച്ച് പായ്ക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തി ഡാറ്റ തയ്യാറാക്കിയിട്ടുള്ള സാഹചര്യത്തിൽ കരാറുകാരൻ നേരിട്ട് ടാർ വാങ്ങിയാൽത്തന്നെയും കാലി ബാരൽ തദ്ദേശ സ്ഥാപനത്തിലേക്ക് തിരിച്ച് ഏൽപ്പിക്കുന്നതിന് ബാധ്യസ്ഥനാണ്. ബാരൽ തിരിച്ചേൽപ്പിക്കാത്ത സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയായി ബാരലൊന്നിന് 238 രൂപ നിരക്കിലും ആയതിന്റെ ജി.എസ്.ടി 18% നിരക്കിലും കണക്കാക്കി ഈടാക്കുകയാണ് വേണ്ടത്. എന്നാൽ താഴെപ്പറയുന്ന റീടാറിംഗ് പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിനും ബിറ്റുമിൻ എമൽഷനും അനുസൃതമായി കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കിയതിൽ വ്യത്യാസം കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ വിശദാംശം | കാലി ബാരലിന്റെ എണ്ണം | ഈടാക്കേണ്ടിയിരുന്ന ബാരൽ വില @238/E + 18% GST | ഈടാക്കിയ ബാരൽ വില @238/E + 18% GST | കുറവ് |
|---|---|---|---|---|---|
| 1. | മൂശാരിയേത്ത് പടി വല്ല്യോലിൽ | 12 | 2856+514= | 238+43 = | 3089 |

| | | | | |
|---|---|---|---|---|
| | റോഡ് റീടാറിംഗ്(423/19, 365/20)<br>അടങ്കൽ തുക: 203420 (MG Road)<br>കരാറുകാരൻ : ബറ്റ്സൺ പ്രസാദ്<br>ഫൈനൽ ബിൽ നം./ തീയതി/തുക:<br>19070252014900843389/19-11-19<br>202934/- | 3370 | 281 | |

ടി നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കുന്നതിനായി ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(06/22-01-22) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന് രജിസ്റ്റേർഡ് കത്ത് നൽകിയിട്ടുണ്ടെന്നും പ്രസ്തുത തുക തിരികെ അടക്കാൻ ടിയാൻ സന്നദ്ധനാണെന്നും അറിയിച്ചു. ടി തുക ഈടാക്കുന്ന മുറയ്ക്ക് 2618 രൂപ സഞ്ചിത നിധിയിലേക്കും 471 രൂപ ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-25 കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റ് നിർമ്മാണം മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധം - യൂണിറ്റ് പ്രവർത്തന സജ്ജമായിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ 18ാം വാർഡിൽ ഗ്രാമ പഞ്ചായത്ത് വക സ്ഥലത്ത് കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റിന് വരാന്ത ഉൾപ്പെടെ 28.18 ച:മീറ്റർ പ്ലിന്ത് ഏരിയായുള്ളതും രണ്ട് മുറിയുള്ളതുമായ കെട്ടിടം നിർമ്മിച്ച് നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത് . പദ്ധതി മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായാണ് കുടുംബശ്രീക്ക് ന്യൂട്രിമിക്സ് യൂണിറ്റിനായി കെട്ടിട നിർമ്മാണം എന്ന പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. 2018-19 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച ടി പദ്ധതി 27-12-19 ൽ പൂർത്തീകരിച്ചിട്ടുണ്ട്. പാർട്ട് & ഫൈനൽ ബില്ലുപ്രകാരം പ്രവർത്തിക്കായി 489437 രൂപ ചെലവഴിച്ചിട്ടുണ്ട്. തയ്യാറാക്കിയ 600000 രൂപയുടെ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷന് 38705 രൂപ ലംപ്സം തുകയായി വകയിരുത്തിയിട്ടുണ്ട് . ഭൗതിക പരിശോധനയിൽ 26.76 ച:മീറ്റർ പ്ലിന്ത് ഏരിയായുള്ള കെട്ടിടം നിർമ്മിച്ച് രണ്ട് മുറികൾക്കും ഷട്ടർ ഇട്ടിട്ടുണ്ടെങ്കിലും ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല. ഇലക്ട്രിഫിക്കേഷന് ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ വർഷങ്ങളിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/29-01-22) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ വാടക കെട്ടിടത്തിലാണ് കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റ് പ്രവർത്തിക്കുന്നത്.

സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ/29-01-18 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ കുടുംബശ്രീ സ്വയംതൊഴിൽ സംരംഭം തുടങ്ങുന്നതിന് കെട്ടിടം നിർമ്മിച്ച് നൽകുന്നതിനോ ആയതിന്റെ പുനരുദ്ധാരണം ഏറ്റെടുക്കുന്നതിനോ നിർദ്ദേശമില്ല. നിലവിൽ വാടക കെട്ടിടത്തിൽ പ്രവ‍ത്തിക്കുന്ന കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റിന് പദ്ധതി വകയിരുത്തി കെട്ടിടം നിർമ്മിച്ചിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത കെട്ടിടം ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്തേണ്ടതും പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് കുടുംബശ്രീയുമായി കരറിലേർപ്പെട്ട് വാടക നിശ്ചയിച്ച് കെട്ടിടം കൈമാറുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-26 ഗുണഭോക്തൃ സമിതിയുടെ ചെലവ് രേഖകൾ ഇല്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ മാലക്കര സ്കൂൾ ഗാർഡനിംഗ്(321/18,344/19,279/20) എന്ന പ്രവൃത്തിയുടെ ഗുണഭോക്തൃസമിതി അംഗീകരിച്ച വരവ് ചെലവ് കണക്കും ചെലവിന് ആധാരമായ രേഖകളും ഫയലിൽ ഇല്ല.

2017-18 ലെ വാർഷിക പദ്ധതിയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ 250000 രൂപ വകയിരുത്തി അംഗീകാരം വാങ്ങിയ പ്രവൃത്തിക്ക് അത്രയും രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ശ്രീ. കെ. ശ്രീധരൻ പിള്ള കൺവീനറായുള്ള ഗുണഭോക്തൃസമിതി 08-03-18ൽ കരാർ (നം.135/17-18) ചമച്ച് പ്രവൃത്തി ഏറ്റെടുത്തു 12-03-19 ൽ സ്പിൽ ഓവറായി പൂർത്തീകരിച്ചു. ഗുണഭോക്തൃസമിതി മിനിട്ട്സിൽ അംഗീകരിച്ച വരവ് ചെലവ് കണക്ക് ഉൾപ്പെടുത്തിയിട്ടില്ല. ചുറ്റ്മതിൽ നിർമ്മാണത്തിന് ആവശ്യമായ റബിൾ, സിമന്റ് ബ്ലോക്ക്, പ്ലാസ്റ്ററിംഗിന് ആവശ്യമായ എം.സാന്റ്, സിമന്റ് എന്നിവ വാങ്ങിയതിന്റെ ബിൽ, തൊഴിലാളികളുടെ പണിക്കൂലി സംബന്ധിച്ച മസ്റ്റർ റോൾ എന്നിവ കൺവീനർ ഹാജരാക്കിയിട്ടില്ല.

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തിയുടെ കാര്യത്തിൽ സമിതിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ എസ്റ്റിമേറ്റ് തുകയോ പ്രവൃത്തിമൂല്യത്തുകയോ ഏതാണോ കുറവ് ആ തുകയ്ക്ക് മാത്രമേ അർഹതയുള്ളൂ. യഥാർത്ഥത്തിൽ ചെലവായ തുകയ്ക്ക് ആധാരമായ രേഖകൾ ലഭ്യമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാതെ കൺവീനർക്ക് പ്രതിഫലം നൽകിയ നടപടി മരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ടി രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക്(25/28-01-22) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 249534 രൂപ (ബിൽ നം.19070252014900190030/05-04-19 )ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 ആദായ നികുതി ഈടാക്കിയതിൽ കുറവ്

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന 2019-20 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായ നികുതി കുറച്ച് ഈടാക്കി. ആദായനികുതി നിയമം 194 സി വകുപ്പ് അനുസരിച്ച് 30000 രൂപയ്ക്കു മുകളിൽ കരാർ ഏറ്റെടുത്ത പ്രവൃത്തികളുടെ ബില്ലിൽ നിന്നും വ്യക്തികളാണെങ്കിൽ ഒരു ശതമാനവും ഗ്രൂപ്പാണെങ്കിൽ രണ്ട് ശതമാനവും ആദായ നികുതി ഈടാക്കേണ്ടതാണ്. ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഗ്രൂപ്പായി പരിഗണിച്ച് സൊസൈറ്റി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായ നികുതി രണ്ട് ശതമാനമാണ് ഈടാക്കേണ്ടത്. ലേബർ കോൺട്രാക്ട് സൊസൈറ്റി പ്രസിഡന്റിനെ വ്യക്തിയായി പരിഗണിച്ച് ഒരു ശതമാനം മാത്രമാണ് ഈടാക്കിയത്. തന്മൂലം സ്രോതസ്സിൽ നിന്നും ആദായ നികുതി ഈടാക്കിയതിൽ കുറവുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | പ്രവൃത്തിമൂല്യം | ആദായ നികുതി | | കുറവ് |
|---|---|---|---|---|---|
| | | | ഈടാക്കേണ്ടത് | ഈടാക്കിയത് | |
| 1 | ഇവാഞ്ചലിക്കൽ പള്ളി മുരുക്ക് വേലി ഇല്ലം - മാത്തിലയ്യത്ത് പടി - ഇല്ലത്ത് തെക്കേതിൽ പടി റോഡ് കോൺക്രീറ്റിംഗ്(91/20)<br>കരാറുകാരൻ : പ്രസിഡന്റ്, വിവേകാനന്ദ ലേബർ കോൺട്രാക്ട് സൊസൈറ്റി, മാലക്കര<br>ബിൽ നം./ തീയതി : 1907025014900892581/02-12-19<br>തുക : 330944 | 295486 | 5910 | 2955 | 2955 |
| 2 | ആറന്മുള ഗ്രാമ പഞ്ചായത്ത് ഓഫീസ് കവാടം നിർമ്മാണം ( 411/18, 378/19, 306/20)<br>കരാറുകാരൻ : പ്രസിഡന്റ്, വിവേകാനന്ദ ലേബർ കോൺട്രാക്ട് സൊസൈറ്റി, മാലക്കര<br>ചെക്ക് നം./ തീയതി : 0981140/04-02-20<br>തുക : 224063/- | 224063 | 4481 | 2241 | 2240 |
| 3 | മായാലുമൺ സ്കൂൾ ചുറ്റ് മതിൽ നിർമ്മാണം(23/19, 310/20)<br>കരാറുകാരൻ : പ്രസിഡന്റ്, വിവേകാനന്ദ ലേബർ കോൺട്രാക്ട് സൊസൈറ്റി, മാലക്കര<br>ബിൽ നം./ തീയതി : 19070250149003539/17-07-19<br>തുക : 167559/- | 167559 | 3351 | 1676 | 1675 |
| 4 | അങ്കണവാടി നം. 48 കെട്ടിട നിർമ്മാണം(325/18, 348/19, | 963777 | 19276 | 9638 | 9638 |

| | | | | | |
|---|---|---|---|---|---|
| | 276/20)<br>കരാറുകാരൻ : പ്രസിഡന്റ്, വിവേകാനന്ദ ലേബർ കോൺട്രാക്ട് സൊസൈറ്റി, മാലക്കര<br>ചെക്ക് നം./ തീയതി : 1424403/30-03-19 തുക : 235766/-<br>ബിൽ നം./ തീയതി : 1807025014901571730/30-03-19<br>തുക : 38379/-<br>ചെക്ക് നം./ തീയതി : 1424409/04-02-20 തുക : 478011/-<br>ബിൽ നം./ തീയതി : 1907025014901172097/29-01-20<br>തുക : 211621/- | | | | |
| | ആകെ | | | | 16508 |

ആദായ നികുതി നിയമം അനുശാസിക്കുന്ന തരത്തിൽ ഫൈനൽ ബിൽ തുകയിൽ നിന്നും ആദായ നികുതി കുറവ് ചെയ്യാഞ്ഞത് മൂലം കേന്ദ്ര ഫണ്ടിനുണ്ടായ ടി നഷ്ടത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/22-01-22) ലഭ്യമാക്കിയ മറുപടിയിൽ ലേബർ കോൺട്രാക്ട് സൊസൈറ്റി തുക ഒടുക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ളതായി അസി.എഞ്ചിനിയർ വ്യക്തമാക്കി. തുക ആദായനികുതി ഹെഡിൽ ഒടുക്ക് വരുത്തി അറിയിക്കേണ്ടതാണ്.

## 1-28 ട്രിപ്പ് ഷീറ്റ് ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

പദ്ധതി നിർവ്വഹണത്തിന്റെ ആവശ്യത്തിലേക്കായി പദ്ധതിയിൽ ഉൾപ്പെടുത്തി വാഹനം വാടകയ്ക്കെടുത്ത് ഓടിയതിന്റെ ട്രിപ്പ്ഷീറ്റ് വാങ്ങി സൂക്ഷിക്കാതെയാണ് വാഹന വാടക നല്കിയിട്ടുള്ളത് .

(1) അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം 150000രൂപ തനത് ഫണ്ട് വകയിരുത്തി ആവിഷ്ക്കരിച്ച അസി.എഞ്ചിനിയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ (437/19, 374/20) എന്ന പദ്ധതി 2019-20 വർഷം സ്പിൽ ഓവറായാണ് പൂർത്തീകരിച്ചിട്ടുള്ളത്. ടി പദ്ധതിക്കായ് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 3 ക്വട്ടേഷൻ ലഭിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ള ജയിൻ പ്രഭാകരൻ, വാലുങ്കൽ സേനാവില്ല, ഇടയാറന്മുള എന്നയാളിന്റെ ക്വട്ടേഷൻ 16-01-19 ലെ 2(17) തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടിയാന്റെ ഉടമസ്ഥതയിലുള്ള KL3-S-5417 TATA SUMO VICTA എന്ന വാഹനം വാടകയ്ക്ക് നൽകിയതിന് ഒരു മാസം 1000 കി.മീറ്റർ വരെ യാത്ര ചെയ്യുന്നതിന് 30000 രൂപയും 3 മാസം ആകെ സഞ്ചരിച്ച ദൂരം കണക്കാക്കി 3000 കി.മീറ്ററിൽ അധികമായ ദൂരത്തിന് ഒരു കി.മീറ്ററിന് 17 രൂപയുമാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. 28-01-2019 ൽ ടിയാൻ അസി.എഞ്ചിനിയറുമായി കരാറിലേർപ്പെട്ടു(138/AE/LSGD/2018-19). ടി പ്രവൃത്തി തുടർന്ന് നിർവ്വഹിക്കുന്നതിനായി ശ്രീ പി.ജി.തോമസ്സ്, വടക്കേ പുത്തൻ പറമ്പിൽ, നാൽക്കാലിക്കൽ എന്നയാളിന്റെ KL5 Q 9815 Qualisഎന്ന വാഹനം ലഭ്യമാക്കുന്നതാണെന്നും പ്രസ്തുത കാലയളവിലെ വണ്ടി വാടക ടിയാൾക്ക് നേരിട്ട് നൽകാവുന്നതാണെന്നും സമ്മതിച്ചുകൊണ്ട് 13-06-19 ൽ ജയിൻ പ്രഭാകരൻ കരാർ പുതുക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായ് 150000 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ചെക്ക് നം./ തീയതി | തുക | കൈപ്പറ്റ് വിവരം |
|---|---|---|
| 889023/16-03-19 | 30000 | ജയിൻ പ്രഭാകരൻ |
| 7070214/29-03-2019 | 30000 | ജയിൻ പ്രഭാകരൻ |
| 1424357/08-08-19 }90000 | 29700<br>} 57850<br>} 1500 | പി.ജി.തോമസ്സ്.<br>ജയിൻ പ്രഭാകരൻ<br>ആദായ നികുതി |

| | | |
|---|---|---|
| | } 950 | ആറന്മുള ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| ആകെ | 15000 | |

വാഹനത്തിന് നെയിം ബോർഡ് വച്ചത് തിരകെ നൽകാഞ്ഞതിനാൽ ആയതിന് ചെലവഴിച്ച 950 രൂപ ബാലൻസ് നൽകാനുള്ള തുകയിൽ നിന്നും തിരികെ ഈടാക്കിയിട്ടുള്ളതാണ്.

കരാറിലേർപ്പെട്ട 28-01-19 മുതൽ എത്ര മാസം എത്ര ദിവസം എത്ര കി.മീറ്റർ യാത്ര ചെയ്തതെന്നുള്ള ട്രിപ്പ് ഷീറ്റ് വാഹന ഉടമ ഹാജരാക്കിയിട്ടില്ല. ഒരു മാസം ആയിരം കി.മീറ്റർ വച്ച് അഞ്ച് മാസം വാഹനം ഓടിയതിനുള്ള വാടകയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. വാടകയ്ക്കെടുത്ത വാഹനം എത്ര കി.മീറ്റർ ഓടിയിട്ടുണ്ടെന്ന് അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കേണ്ടതാണ്.

(2) അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം 300000 രൂപ തനത് ഫണ്ട് വകയിരുത്തി ആവിഷ്കരിച്ച അസി.എഞ്ചിനിയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ (71/19-20, 327/20-21) എന്ന പദ്ധതി 2020-21 വർഷം സ്പിൽ ഓവറായാണ് പൂർത്തീകരിച്ചിട്ടുള്ളത്. ടി പദ്ധതിക്കായ് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 5 ക്വട്ടേഷൻ ലഭിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ള പി.ജി.തോമസ്സ്, വടക്കേ പുത്തൻ പറമ്പിൽ, നാൽക്കാലിക്കൽ എന്നയാളിന്റെ ക്വട്ടേഷൻ അംഗീകരിച്ചു. ടിയാന്റെ ഉടമസ്ഥതയിലുള്ള KL3 V 8586 INNOVA CARഎന്ന വാഹനം വാടകയ്ക്ക് നൽകിയതിന് ഒരു മാസം 1000 കി.മീറ്റർ വരെ യാത്ര ചെയ്യുന്നതിന് 23100 രൂപയും 3 മാസം ആകെ സഞ്ചരിച്ച ദൂരം കണക്കാക്കി 3000 കി.മീറ്ററിൽ അധികമായ ദൂരത്തിന് ഒരു കി.മീറ്ററിന് 17 രൂപയുമാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. 01-11-2019 ൽ ടിയാൻ അസി.എഞ്ചിനിയറുമായി കരാറിലേർപ്പെട്ടു(17/AE/LSGD/2019-20). ഈ പദ്ധതിക്കായ് 300000 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ചെക്ക് നം./ തീയതി | തുക | തുക ട്രാൻസ്ഫർചെയ്ത A/C ഉടമയുടെ വിവരം |
|---|---|---|
| 0981126/12-12-19 | 23100 | P.G.തോമസ്സ്. |
| 0981134/24-01-20 | 23100 | P.G.തോമസ്സ്. |
| 0981147/25-02-20 | 23100 | P.G.തോമസ്സ്. |
| 0981165/17-03-20 | 23100 | P.G.തോമസ്സ്. |
| 0981181/17-04-20 | 23100 | P.G.തോമസ്സ്. |
| 0981185/18-05-20 | 23100 | P.G.തോമസ്സ്. |
| 2963403/30-06-20 | 23100 | P.G.തോമസ്സ്. |
| 2961411/04-08-20 | 23100 | P.G.തോമസ്സ്. |
| 2961415/20-08-20 | 23100 | P.G.തോമസ്സ്. |
| 297034/14-09-20 | 23100 | P.G.തോമസ്സ്. |
| 2980643/06-01-21 | 46200 | P.G.തോമസ്സ്. |
| 2980644/25-01-21 | 22800 | P.G.തോമസ്സ്. |
| ആകെ | 300000 | |

കരാറിലേർപ്പെട്ട 01-11-19 മുതൽ എത്രമാസം എത്ര ദിവസം എത്ര കി.മീറ്റർ യാത്ര ചെയ്തതെന്നുള്ള ട്രിപ്പ് ഷീറ്റ് വാഹന ഉടമ ഹാജരാക്കിയിട്ടില്ല. ഒരു മാസം ആയിരം കി.മീറ്റർ വച്ച് 12 മാസം വാഹനം ഓടിയതിന് പ്രതിമാസം 23100 രൂപയും തുടർന്നുള്ള മാസം പദ്ധതി തുകയിൽ ക്ലിപ്തപ്പെടുത്തി 22800 രൂപയുമാണ് വാഹന വാടകയായി കരാറുകാരന് നൽകിയിട്ടുള്ളത്. വാടകയ്ക്കെടുത്ത വാഹനം എത്ര കി.മീറ്റർ ഓടിയിട്ടുണ്ടെന്ന് അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(16/24-01-22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ രേഖകളുടെ അഭാവത്തിൽ രണ്ട് പ്രോജക്റ്റുകളിലായി ചെലവഴിച്ച 450000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 കാലാവധി ദീർഘീകരണം - പിഴ ചുമത്തുന്നതിന് പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശം പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് / കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ജി.ഒ(പി) നം.13/2012/PWD/01-02-2012 ഉത്തരവ് പ്രകാരം 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ, പദ്ധതി മാർഗ്ഗ രേഖ, മറ്റ് സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളിൽ

പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് ടി ചട്ടങ്ങളിലെ ചട്ടം 18 ൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പിലെ നടപടിക്രമങ്ങളാണ് പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങളാണ് ആധാരമായിട്ടുള്ളത്.

പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിനുള്ള കാലതാമസത്തിന് പിഴ ചുമത്തുന്നത് സംബന്ധിച്ച് 1997 ലെ കേരള പഞ്ചായത്ത് രാജ് / കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശമാണ് പാലിക്കേണ്ടത്. പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയ ദീർഘീകരണം ആദ്യ തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ അധികമാകാൻ പാടില്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് ഒറിജിനൽ കാലാവധിക്കുള്ളിൽ അസി. എഞ്ചിനിയർ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപ്രകാരം അപേക്ഷ സമർപ്പിക്കുന്ന പ്രവൃത്തികളിൽ ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിൽ പരമാവധി 50000 രൂപയും ആദ്യ തവണക്ക് ശേഷം 2% നിരക്കിലും പരമാവധി 100000 രൂപ എന്ന ക്രമത്തിലും പിഴ ഈടാക്കേണ്ടതാണ്. പരമാവധി ദീർഘിപ്പിക്കാവുന്ന കാലാവധി ഒറിജിനൽ സമയത്തിന്റെ 50 ശതമാനത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018ലെ എ.സി. 2/223/15ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

1997 ലെ കേരള പഞ്ചായത്ത് രാജ് / കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 18 ന് ഭേദഗതി വരുത്താത്ത സാഹചര്യത്തിൽ കരാറുകാർ വരുത്തുന്ന കാലതാമസത്തിന് 18-08-2018 ന് ശേഷം പൊതുമരാമത്ത് മാന്വൽ അനുസരിച്ചുള്ള പിഴയാണോ അല്ലാത്തപക്ഷം തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018ലെ ടി സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള തരത്തിലാണോ പിഴയീടാക്കേണ്ടതെന്നുള്ള കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ. ഐ. & ഡി. എഞ്ചിനിയറിംഗ് വിഭാഗത്തിന് വ്യക്തതയില്ല. ഗ്രാമ പഞ്ചായത്തിലെ എൽ. ഐ. & ഡി. എഞ്ചിനിയറിംഗ് വിഭാഗത്തിൽ പിഴയീടാക്കുന്നത് മാന്വൽ അനുസരിച്ചോ ടി ഉത്തരവ് അനുസരിച്ചോ അല്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം എത്ര തന്നെയായലും കരാർ തുകയുടെ 1% മാത്രമാണ് പിഴയായി ഈടാക്കുന്നത്. ചില പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടുമില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | കാലാവധി | മാന്വൽ അനുസരിച്ച് ചുമത്തേണ്ട പിഴ | ചുമത്തിയ പിഴ | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | കിടങ്ങന്നൂർ കൃഷിഭവൻ കെട്ടിട നിർമ്മാണം(154/19, 381/20)<br>കരാറുകാരൻ : മുരളീധരൻ.M.R<br>എഗ്രിമെന്റ് നം./ തീയതി :1136/17-18/AE/LSGD/18-19 /25-01-19<br>PAC: 974162<br>പ്രവൃത്തിയുടെ കാലാവധി : 6മാസം<br>ആരംഭിച്ച തീയതി : 25-01-19<br>പൂർത്തീകരിച്ച തീയതി: 22-10-19<br>ഫൈനൽ ബിൽ നം. / തീയതി : 19070252014900972687/20-12-19<br>തുക 100000/-<br>19070252014900972692/20-12-19<br>തുക 360422/-<br>ചെക്ക് നം./തീയതി: | 25-07-2019 മുതൽ 08-09-2019 വരെ<br><br>09-09-2019 മുതൽ 22-10-2019 വരെ<br><br>ആകെ | 9741<br><br>19049<br><br>28790 | 9604 | 19186 | മാന്വൽ പ്രകാരമാണോ 18-08-18 ലെ ഉത്തരവിന്റെ ടിസ്ഥാനതതിലാണോ പിഴ ചുമത്തിയതെന്ന് വ്യക്തമാക്കിയിട്ടില്ല. |

| | | | | | | |
|---|---|---|---|---|---|---|
| | 0981145/12-02-20 തുക 500000/- | | | | | |
| 2. | കോട്ട മാർക്കറ്റ് കനാൽ പടി റോഡ് കോൺക്രീറ്റിംഗ്(256/18, 256/20)<br>കരാറുകാരൻ : അനിയൻപിള്ള. A.S<br>എഗ്രിമെന്റ് നം./ തീയതി : 21/18-19/AE/LSGD/14-08-18<br>PAC : 300000<br>പ്രവൃത്തിയുടെ കാലാവധി : 4മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 14-08-18<br>പൂർത്തീകരിച്ച തീയതി: 03-09-19<br>ഫൈനൽ ബിൽ നം./ തീയതി : 19070252014900975174/20-12-19<br>240000/- | 14-12-2018 മുതൽ 13-01-2019 വരെ<br>14-01-2019 മുതൽ 13-02-2019 വരെ<br>ആകെ | 3000<br>6000<br>9000 | 2400 | 6600 | മാന്വൽ പ്രകാരമാണോ 18-08-18 ലെ ഉത്തരവിന്റെ ടിസ്ഥാനത്തിലാണോ പിഴ ചുമത്തിയതെന്ന് വ്യക്തമാക്കിയിട്ടില്ല. |
| 3. | ആറന്മുള ഗ്രാമ പഞ്ചായത്ത് ഓഫീസ് കവാടം നിർമ്മാണം(411/18, 378/19, 306/20)<br>കരാറുകാരൻ : വിവേകാനന്ദ ലേബർ കോൺട്രാക്ട് സൊസൈറ്റി<br>എഗ്രിമെന്റ് നം./ തീയതി :76/18-19/AE/LSGD/17-10-18<br>PAC: 224432<br>പ്രവൃത്തിയുടെ കാലാവധി : 5മാസം<br>ആരംഭിച്ച തീയതി : 17-10-18<br>പൂർത്തീകരിച്ച തീയതി: 17-08-19<br>ചെക്ക് നം. / തീയതി : 0981140/04-02-20<br>തുക 224063/- | 17-03-2019 മുതൽ 23-04-2019 വരെ<br>24-04-2019 മുതൽ 31-05-2019 വരെ<br>ആകെ | 2244<br>4488<br>6732 | 0 | 6732 | ഫൈൻ ചുമത്തിയില്ല. |
| 4 | ആനിക്കാട്ട് പടി മനയങ്ങാട്ട് പടി നടപ്പാത കോൺക്രീറ്റിംഗ്( 85/19, 267/20)<br>കരാറുകാരൻ : അനിൽകുമാർ.എൻ.സി<br>എഗ്രിമെന്റ് നം./ തീയതി :55/18-19/AE/LSGD/19-09-18<br>PAC: 99689<br>പ്രവൃത്തിയുടെ കാലാവധി : 4 മാസം<br>ആരംഭിച്ച തീയതി : 19-09-18<br>പൂർത്തീകരിച്ച തീയതി: 22-03-19<br>ഫൈനൽ ബിൽ നം. / തീയതി : | 19-01-2019 മുതൽ 18-02-2019 വരെ<br>19-02-2019 മുതൽ 18-03-2019 വരെ | 997<br>1994 | 0 | 2991 | ഫൈൻ ചുമത്തിയില്ല. |

| | | | | | | |
|---|---|---|---|---|---|---|
| | 19070252014900044177/17-04-19 | | | | | |
| | തുക 99440/- | ആകെ | 2991 | | | |
| 5 | വല്ലന SNDP UP സ്കൂളിൽ കഞ്ഞിപ്പുര നിർമ്മാണം(353/18, 361/19, 274/20)<br>കരാറുകാരൻ : ജോജി തോമസ്സ്<br>എഗ്രിമെന്റ് നം./ തീയതി :68/17-18/AE/LSGD/20-10-17<br>PAC: 399996<br>പ്രവൃത്തിയുടെ കാലാവധി : 6മാസം<br>ആരംഭിച്ച തീയതി : 20-10-17<br>പൂർത്തീകരിച്ച തീയതി: 15-03-19<br>ഫൈനൽ ബിൽ നം. / തീയതി : 19070252014900041858/05-04-19<br>തുക 277053/- | 20-04-2018 മുതൽ 03-06-2018 വരെ<br>04-06-2018 മുതൽ 18-07-2018 വരെ<br>ആകെ | 4000<br>8000<br>12000 | 2771 | 9229 | മാന്വൽ പ്രകാരമാണോ 18-08-18 ലെ ഉത്തരവിന്റെ ടിസ്ഥാനത്തിലാണോ പിഴ ചുമത്തിയതെന്ന് വ്യക്തമാക്കിയിട്ടില്ല. |
| | | | 59513 | 14775 | 44738 | |

കേരള പഞ്ചായത്ത് രാജ് /കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിൽ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് പിഴ ചുമത്തുന്നത് സംബന്ധിച്ച് പറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പിഴ ചുമത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/27-01-2012 അസി. എഞ്ചിനിയർ ലഭ്യമാക്കിയിൽ മറുപടിയിൽ, മാന്വൽ പ്രകാരമല്ല പിഴയീടാക്കിയതെന്നും പിഴയൊടുക്കുന്നതിന് ബന്ധപ്പെട്ട കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചു. തദ്ദേശ സ്ഥാപനത്തിന് ലഭിക്കുന്ന തനത് വരുമാനം എന്ന നിലയിൽ പിഴ കൃത്യതയോടെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. പിഴയീടാക്കുന്നതിന് അവലംബിക്കേണ്ടത് പൊതുമരാമത്ത് മാന്വൽ തന്നെയാണോ എന്നുള്ള കാര്യത്തിൽ വ്യക്തത വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-30 ചെളിമണ്ണ് ലേലം ചെയ്യാൻ നടപടി സ്വീകരിച്ചില്ല

ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട തോട്ടിൽ നിന്നും നീക്കം ചെയ്ത ചെളിമണ്ണ് ലേലം ചെയ്തില്ല.

ആറന്മുള ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്ന എഴീക്കാട് കോളനി വെട്ടിക്കൽ പടി ശവക്കോട്ട തോട് പുനരുദ്ധാരണത്തിനായി പന്തളം ബ്ലോക്ക് പഞ്ചായത്ത് 2018-19 ലെ വാർഷിക പദ്ധതിയിൽ പെടുത്തി പദ്ധതി വയ്ക്കുകയും 2019-20 ൽ സ്പിൽ ഓവറായി നടപ്പാക്കുകയും ചെയ്തു. ആറന്മുള ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട ടി തോടിന്റെ പുനരുദ്ധാരണം ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതിന് ഗ്രാമ പഞ്ചായത്തിന് തടസ്സമില്ലെന്ന് ഗ്രാമ പഞ്ചായത്ത് കമ്മിറ്റി 12-10-2019 ലെ 1(1) നമ്പർ പ്രകാരം തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 3800 ക്യു.മീറ്റർ ചെളി മണ്ണ് നീക്കം ചെയ്തിട്ടുള്ളത് തോടിന്റെ സമീപത്ത് നിക്ഷേപിച്ചിട്ടുണ്ടെന്നും ആയത് ലേലം നടത്തുന്നതിനായി വില നിശ്ചയിച്ച് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ പന്തളം ബ്ലോക്ക് പഞ്ചായത്ത് അസി.എഞ്ചിനിയർ ആറന്മുള ജില്ലാ മൈനിംഗ് & ജിയോളജി ഓഫീസർക്ക് 23-04-20 ൽ കത്ത് നൽകുകയും 24-06-20 ൽ ഓർമ്മക്കുറിപ്പ് നൽകുകയും ആറന്മുള ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് 24-06-20 ൽ ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. ഇത് ബ്ലോക്ക് പഞ്ചായത്തിന്റെ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയായ തോട്ടിൽ നിന്നും നീക്കം ചെയ്ത മണ്ണ് ഗ്രാമ പഞ്ചായത്തിന് രേഖാമൂലം കൈമാറി ആയത് ലേലം ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ട് നടപടി സ്വീകരിച്ചിട്ടില്ലാത്ത പക്ഷം ആയതിന്റെ കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറിക്ക് (20/27-01-22) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

വല്ലന എഴീക്കാട് പാടശേഖര നെല്ലുൽപ്പാദക സമിതി സെക്രട്ടറി ശ്രീ.ബിജു പി ബ്ലോക്ക് പഞ്ചായത്ത് അസി. എഞ്ചിനിയർക്ക് നൽകിയ തീയതി വയ്ക്കാത്ത കത്തിൽ "വെട്ടിക്കൽ ശവക്കോട്ട എഴീക്കാട് ചാൽ ആഴംകൂട്ടിയത് പാടശേഖരത്തിലെ നെൽകൃഷിക്ക് യോഗ്യമാക്കിയിട്ടുണ്ടെന്നും ആഴംകൂട്ടലിന്റെ ഭാഗമായി ഏകദേശം 200 മീറ്റർ

ഭാഗത്തെ ചെളിമണ്ണ് ബണ്ട് നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുണ്ടെന്നും ബാക്കി വന്ന ചെളി, മണ്ണ് എന്നിവ ഘട്ടം ഘട്ടമായി ബണ്ട് നിർമ്മാണത്തിന് ആവശ്യമാണെന്നും ആയത് ഉപയോഗിച്ചുകൊള്ളാമെന്നും" അറിയിച്ചിട്ടുണ്ട്. പദ്ധതിയിൽ വിഭാവനം ചെയ്യാത്ത തരത്തിൽ ബണ്ട് നിർമ്മാണത്തിന് ചെളിമണ്ണ് ഉപയോഗിക്കാൻ ബ്ലോക്ക് പഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ടായിരുന്നില്ല എന്ന് പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ ഓഡിറ്റിൽ വ്യക്തമായിരുന്നു. പാടശേഖര നെല്ലുൽപ്പാദക സമിതിക്ക് ബണ്ട് നിർമ്മാണത്തിന് ചെളിമണ്ണ് ഉപയോഗിക്കാൻ ഗ്രാമപഞ്ചായത്ത് തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. അഥവാ അങ്ങനെയൊരു തീരുമാനം ഗ്രാമ പഞ്ചായത്ത് എടുത്തിട്ടില്ലായെങ്കിൽ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയില്ലാതെ അന്യായമായി ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ നിന്നും ലഭ്യമായ ചെളിമണ്ണ് ബണ്ട് നിർമ്മാണത്തിന് ഉപയോഗിച്ചതിന് ഗ്രാമ പഞ്ചായത്ത് എന്ത് നിയമ നടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിവരം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി മുഖേന ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

സ്വീകരിക്കാഞ്ഞതുമൂലം തനത് ഫണ്ടിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടവും സർക്കാരിന് റോയൽറ്റി ഇനത്തിലും നഷ്ടം സംഭവിച്ചിട്ടുണ്ട് . ഈ വിഷയത്തിൽ സമഗ്ര അന്വേഷണത്തിനായി ഭരണതല നടപടിക്ക് ശുപാർശ ചെയ്യുന്നു.

## 1-31 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പ്രോജക്ട് നടത്തിപ്പിൽ അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (52/20) |
| വകയിരുത്തൽ | 555000/- (വികസന ഫണ്ട് - SCP) |
| ചെലവ് | 555000/-<br>ബിൽ നം. 1907025014800678304/14.10.2019 – 240000<br>ബിൽ നം. 1907025014800737981/25.10.2019 – 20000<br>ബിൽ നം. 1907025014800850649/21.11.2019 – 165000<br>ബിൽ നം. 1907025014800860479/23.11.2019 – 115000<br>ബിൽ നം. 1907025014800919524/9.12.2019 – 15000 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ടി പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ 13 വിദ്യാർത്ഥികൾക്ക് ബിരുദ, ബിരുദാനന്തര പഠനം, എൻജിനിയറിംഗ് പഠനം ഉൾപ്പെടെയുള്ള കോഴ്സുകൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികൾക്ക് മറ്റ് സ്ഥാപനങ്ങളിൽ നിന്നും (ബ്ലോക്ക് പഞ്ചായത്ത് ഉൾപ്പെടെ) സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പ്രസ്തുത സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/23.1.2022) നൽകിയ മറുപടിയിൽ പന്തളം ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസറുടെ കത്തിൽ ബിരുദ/ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട് എന്നു പറഞ്ഞിട്ടുണ്ട്. രണ്ടും സമാന പ്രോജക്ടുകളായതിനാൽ ഇരട്ടിപ്പ് വരാൻ സാദ്ധ്യതയുണ്ട് എന്നതിനാലും മറ്റു സ്ഥാപനങ്ങളിൽനിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ആനുകൂല്യം നൽകുന്നതിനുള്ള ഒരു മാനദണ്ഡമായിരിക്കെ മറുപടി അംഗീകരിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ട് പ്രകാരം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലായെന്ന് സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 1800000 | ലൈഫ് മിഷൻ (ജനറൽ) | 0 | 1800000 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 1000000 | ലൈഫ് മിഷൻ (ജനറൽ) | 880000 | 120000 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 100000 | കറവ പശുകൾക്ക് കാലിത്തീറ്റ | 100000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 200000 | പാലിന് സബ്സിഡി | 100000 | 100000 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 150000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 200000 | സാന്ത്വന പരിചരണം | 121833 | 78167 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 500000 | നെൽകൃഷി കൂലി ചെലവ് | 146649 | 353351 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 500000 | സാന്ത്വന പരിചരണം | 300000 | 200000 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 536581 | ലൈഫ് ഭവന പദ്ധതി (SCP) | 290000 | 246581 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 100000 | അംഗൻവാടി പോഷകാഹാരം | 100000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 514234 | 48-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം | 478011 | 36223 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 500000 | കിടങ്ങന്നൂർ കൃഷിഭവൻ കെട്ടിട നിർമ്മാണ പൂർത്തീകരണം | 500000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് സ്ഥാപിച്ച് ലൈൻ വലിക്കൽ (443/20) | 19070252014801255174/12.2.2020 | 20650/- | 20650/- | 0 |
| കെ.എസ്.ഇ.ബി | കോളനികളിലെ റോഡുകളിൽ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (290/20) | 19070252014801025663/1.1.2020 & 19070252014803147610/3.1.2020 | 52572/- | 0 | 52572/- |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (109/20) | 19070252014801151872/27.2.2020 & 19070252014801477462/12.3.2020 | 50000/- | 0 | 50000/- |
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (454/20) | 19070252014801477466/12.3.2020 | 24243/- | 0 | 24243/- |
| കെ.എസ്.ഇ.ബി | പോസറ്റ് സ്ഥാപിച്ച് ലൈൻ വലിക്കൽ (180/20) | 19070252015700366401/20.7.19 | 500000/- | 500000/- | 0 |
| കെ.എസ്.ഇ.ബി | ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (32/20) | 19070252015700884389/6.8.2019 | 99988/- | 71302/- | 28686/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 2150000 | 3240377 | 808824 | 0 | 4441553 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 12987 രൂപയുടെ വരവുണ്ട്. എന്നാൽ, മറ്റ് വിശദാംശങ്ങൾ ഒന്നും ലഭ്യമല്ല. 119030100282/21.08.2019 നമ്പർ രസീത് പ്രകാരം അസിസ്റ്റന്റ് എൻജിനിയർ 12987 രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ രേഖകൾ/ രജിസ്റ്ററുകൾ എന്നിവയുടെ അഭാവത്തിൽ വിശദാംശങ്ങൾ ഉൾപ്പെടുത്താൻ കഴിയുന്നില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | 3-6 | 2015-16 | 3.6.2 | അടിസ്ഥാന സൗകര്യങ്ങൾ പര്യാപ്തമല്ല- എസ്.സി, എസ്.റ്റി കോളനികളിൽ | പരാമർശം നിലനിൽക്കുന്നു |
| | 3-6 | 2015-16 | 3.7.7 | കുറുമ്പൻ ദൈവത്താൻ സ്മാരകം- തുടർ പ്രവർത്തനങ്ങൾ ഇല്ല | പരാമർശം നിലനിൽക്കുന്നു |
| | 3-6 | 2015-16 | 3.7.11 | എസ്.സി പ്രൊമോട്ടർ കർമ്മസമിതി യോഗങ്ങളിൽ പങ്കെടുക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അനുബന്ധം | വസ്തുനികുതി- വിവിധ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-3 | 2016-17 | അനുബന്ധം | വസ്തുനികുതി- വിവിധ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം | തൊഴിൽ നികുതി- വിവിധ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 100641062.50 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60044024 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5302 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 699534 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളിന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 1-15 | | 2684 | ശ്രീ. വിജയ് എസ്, സെക്രട്ടറി |
| 1-24 | | 2618 | ശ്രീമതി ആരതി എസ്. മോഹൻ, അസിസ്റ്റന്റ് എൻജിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 232315 | ശ്രീമതി ആരതി എസ്. മോഹൻ, അസിസ്റ്റന്റ് എൻജിനിയർ |
| 1-28(1) | 60000 | ശ്രീമതി ആര്യ എസ്.എസ്., അസിസ്റ്റന്റ് എൻജിനിയർ (മരിച്ചു) |
| | 90000 | ശ്രീമതി ആരതി എസ്. മോഹൻ, അസിസ്റ്റന്റ് എൻജിനിയർ |
| 1-28(2) | 115500 | ശ്രീമതി ആരതി എസ്. മോഹൻ, അസിസ്റ്റന്റ് എൻജിനിയർ |
| | 46200 | ശ്രീമതി ബിന്ദു എസ്. കരുണാകരൻ, അസിസ്റ്റന്റ് എൻജിനിയർ |
| | 138300 | ശ്രീമതി ലക്ഷ്മിപ്രിയ ടി.ആർ., അസിസ്റ്റന്റ് എൻജിനിയർ |
| ആകെ | 699534 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-24 471

ഖണ്ഡിക 1-27 16508

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വിജയ് എസ്, സെക്രട്ടറി | സെക്രട്ടറി,<br>നിരണം ഗ്രാമപഞ്ചായത്ത് | സായി ഭവൻ, നെടിയംപോള ഭാഗം, ഗുരുപുരം, അവലൂക്കുന്ന് പി.ഒ, ആലപ്പുഴ 688006 |

| | | |
|---|---|---|
| ശ്രീമതി ലക്ഷ്മിപ്രിയ ടി.ആർ., അസിസ്റ്റന്റ് എൻജിനിയർ | അസിസ്റ്റന്റ് എൻജിനിയർ, എൽ.ഐ&ഡി എൻജിനിയറിംഗ് വിംഗ്, പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് | പവിത്രം, അമൃതവിദ്യാലയം, പടിഞ്ഞാറേ ഗേറ്റിന് എതിർവശം, കുരമ്പാല പി.ഒ., പന്തളം |
| ശ്രീമതി ബിന്ദു എസ്. കരുണാകരൻ, അസിസ്റ്റന്റ് എൻജിനിയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ, എൽ.ഐ&ഡി എൻജിനിയറിംഗ് വിംഗ്, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | ലക്ഷ്മി നന്ദനം, എം.ജി. റോഡ്, അടൂർ |
| ശ്രീമതി ആരതി എസ് മോഹൻ, അസിസ്റ്റന്റ് എൻജിനിയർ | അസിസ്റ്റന്റ് എൻജിനിയർ, മൈനർ ഇറിഗേഷൻ വകുപ്പ് | നവരംഗ്, മങ്ങാട് നഗർ, എ 106, മങ്ങാട് പി.ഒ., കൊല്ലം 191015 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1991-92 | എൽ.എഫ്.പിറ്റിഎ/പി2/324/94, തീ.15.07.94 | 10 |
| 1995-96 | എൽ.എഫ്.പിറ്റിഎ/പി2/119/98, തീ.04.06.99 | എല്ലാ ഖണ്ഡികകളും |
| 1996-97 | എൽ.എഫ്.പിറ്റിഎ/പി2/746/2003, തീ.06.05.04 | എല്ലാ ഖണ്ഡികകളും |
| 1997-98 | എൽ.എഫ്.പിറ്റിഎ/പി2/337/98, തീ. 07.12.99 | എല്ലാ ഖണ്ഡികകളും |
| 1998-99 (ജെ.എ.) | എൽ.എഫ്.പിറ്റിഎ/പി2/208/00, തീ. 17.03.01 | എല്ലാ ഖണ്ഡികകളും |
| 1999-00 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി3/844/00, തീ. 29.09.01 | 27 |
| 1999-00 (വരവ്) | എൽ.എഫ്.പിറ്റിഎ/പി6/756/08, തീ. 30.09.09 | എല്ലാ ഖണ്ഡികകളും |
| 2000-01 (ജ.ആ) | എൽ.എഫ്.പിറ്റിഎ/പി5/488/11 തീ. 008.08.11 | 19 |
| 2000-01 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി5/477/11, തീ. 14.10.11 | 7 |
| 2001-02 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി3/478/05, തീ.05.01.06/15.02.06 | 2 |
| 2002-03 | എൽ.എഫ്.പിറ്റിഎ/പി3/121/07 തീയതി 08.05.07/05.10.07 | 1 |
| 2003-04 | എൽ.എഫ്.പിറ്റിഎ/പി6/642/09 തീയതി 13.04.10 | 6 |
| 2004-05 | എൽ.എഫ്.പിറ്റിഎ/പി5/490/10,തീ. 09.12.11 | 7 |
| 2005-06 | എൽ.എഫ്.പിറ്റിഎ/പി5/491/10, തീ.11.01.11 | 3 |
| 2006-07 2009-10 | എൽ.എഫ്.പിറ്റിഎ/പി5/687/12, തീ.30.10.12 | 5 |
| 2010-11 | എൽ.എഫ്.പിറ്റിഎ/പി5/571/13, തീ. 01.08.14 | എല്ലാ ഖണ്ഡികകളും |
| 2011-12 | എൽ.എഫ്.പിറ്റിഎ/പി5-572/13 തീയതി 23.09.13 | 3 |
| 2012-13 2013-14 | എൽ.എഫ്.പിറ്റിഎ/പി11/894/14 തീയതി 01.12.14/04.02.15 | 3 |
| 2014-15 | കെ.എസ്.എ.പിറ്റിഎ./പി11/682/16 തീയതി 24.6.16 | 5 |
| 2015-16 | കെ.എസ്.എ.പിറ്റിഎ./പി11/112/18 തീയതി 24.02.18 | 11 |
| 2016-17 | കെ.എസ്.എ.പിറ്റിഎ. പി11/981/17 തീയതി: 07.05.2018 | 18 |
| 2017-18 | കെ.എസ്.എ.പിറ്റിഎ. പി11/97/21 തീയതി: 28.12.21 | 26 |
| 2018-19 | കെ.എസ്.എ.പിറ്റിഎ. പി11/944/19 തീയതി: 26.11.21 | 14 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

പത്തനംതിട്ട

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്